വോള്യം – 8 ലക്കം – 146 ജനുവരി 2026 മലയാളം – ഇംഗ്ലീഷ്

www.filca.in
8089036090
filcakerala@gmail.com
News portal: www. keralapedia.com

# ഫിലിംവിഷൻ


DIGITAL FILM MAGAZINE PUBLISHED BY FILCA FILM SOCIETY TRIVANDRUM

FILCA FILM SOCIETY IN ASSOCIATION WITH JOINT COUNCIL, KX PHARMA, HLL LIFE CARE, CHALACHITHRA ACADEMY, BEAM FILM SOCIETY, AFSO, KERALA PEDIA NEWS, KERALA VISUAL ENCYCLOPAEDIA AND OTHER ORGANISATIONS

## JAN.2026 film fest




GONE WITH THE WIND
Margret Mitchell
Dir. Victor Fleming
09.30 AM



MOTHER
Maxim Gorky
Dir. Vsevolod Pudovkin
02.30 PM





THE COUNT OF MONTE CRISTO
Alexander Dumas
Dir. Matthieu Delaporte & Alexandre Patellière
04.15 PM

**31 January**
Joint Council Hall, Near Press club
Trivandrum

## വിശ്വസാഹിത്യവും വിശ്വ സിനിമയും

ചലച്ചിത്രമേള പരമ്പര. ഭാഗം 7

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII



January Film Festival
# ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE JANUARY 2026

INDEX

1. കേരള വിഷ്വൽ എൻസൈക്ലോപീഡിയ
-ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 10



2. 1. വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ* ആസ്പദമാക്കിയുള്ള
ചലച്ചിത്രമേളയുടെ ആറാം ഭാഗം – ( പ്രതികരണം )
– ജോൺ തോമസ് ( ഫിൽക്ക ) 14



3. 2. ഫിൽക്ക ഫിലിം വിഷൻ ഡിജിറ്റൽ മാഗസിൻ
ഐ. എഫ്. എഫ്. കെ സ്പെഷ്യൽ പതിപ്പ്
– ജോൺ തോമസ് ( ഫിൽക്ക ) 18



4. "GONE WITH THE WIND" ( കാറ്റിനൊപ്പം പറന്നു പോയവർ )
– സുരേഷ്കുമാർ. സി (ബീം ഫിലിം സൊസൈറ്റി) 21



5. യാത്രയിൽ കണ്ടൊരു സംവിധായകൻ പോലെ വിക്ടർ ഫ്ളെമിംഗ്.
– ലീലാമ്മ തോമസ് (ഫിൽക്ക ) 26



6. മാർഗരറ്റ് മിച്ചൽ : കാറ്റിനാൽ ലോകമറിഞ്ഞവൾ
– നിമിഷ ഹെലൻ ( ഫിൽക്ക) 30



7. 'മദർ (1926)
– വിനോദ് കുമാർ. പി, (ഫിൽക്ക) 32



Website:www.filca.in Email:filcakerala@gmail.com

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE JANUARY 2026

INDEX


8. ഇടതുവഴിയിൽ ശരിയായ വശത്ത് : മാക്സിം ഗോർക്കി
-സാബു ശങ്കർ( ഫ്രിൽക്ക ) 35



9. മാക്സിം ഗോർക്കി- സംക്ഷിപ്ത ജീവചരിത്രം ( 1868 – 1936 )
– ഷാജി. എ ( ഫിൽക്ക) 38



10. മദർ – ചരിത്രത്തിലെ രക്തസാക്ഷികൾ ( കവിത )
- രാജാംബിക ( ഫിൽക്ക ) 43



11. വി. പുഡോഫ്കിൻ ( 1893 – 1953 )
– പി. എസ്. ജ്യോതിഷ്കുമാർ ( ഫിൽക്ക ) 45



12. മോണ്ടി ക്രിസ്റ്റോയിലെ പ്രഭു
–ഡോ. പി. അജികുമാർ ( ഫിൽക്ക ) 47



13. സ്ഥലം കഥ പറയുമ്പോൾ...
– പ്രൊഫ. ബേബി പോൾ ( ഫിൽക്ക ) 50




Website:www.filca.in Email:filcakerala@gmail.com

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII




January Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VII

filca

KFC Kerala Financial Corporation
we finance your dream



FUNDING YOUR DREAMS

Kerala Financial Corporation Offers a diverse range of loan schemes, including **CMEDP (Chief Minister's Entrepreneurship Development Programme), KFC Startup Kerala, Term loans, Working capital loans**, and specialized schemes for sectors like Tourism, Agriculture, and Manufacturing.

- Attractive interest rates starting from 5% facilitated by government subsidies and KFC rebates.
- Offers collateral-free loans of up to 2 crores for eligible startups

**Kerala Financial Corporation**

**Partnering with Kerala for Progress**

APPLY NOW

Your business journey starts here

0471 2737500
www.kfc.org

keralafinancialcorporation krlfincorp kerlafincorp KeralaFinancialCorporation www.kfc.org

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca




കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം • സുതാര്യം • ജനകീയം
സമ്മാനങ്ങൾ ഇനി ലക്ഷങ്ങളല്ല
കോടികൾ മാത്രം
സമ്മാനഘടനയിൽ അടിമുടി മാറ്റം വരുത്തി സംസ്ഥാന ഭാഗ്യക്കുറി
ദിവസവും കോടിപതികൾ
വർഷം 400+ കോടിപതികൾ
സമൃദ്ധി ഭാഗ്യക്കുറി
SAMRUDHI LOTTERY
എല്ലാ ഞായറാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
ഭാഗ്യതാര ഭാഗ്യക്കുറി
BHAGYATHARA LOTTERY
എല്ലാ തിങ്കളാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
സ്ത്രീശക്തി ഭാഗ്യക്കുറി
STHREE SAKTHI LOTTERY
എല്ലാ ചൊവ്വാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
ധനലക്ഷ്മി ഭാഗ്യക്കുറി
DHANALEKSHMI LOTTERY
എല്ലാ ബുധനാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
കാരുണ്യ പ്ലസ് ഭാഗ്യക്കുറി
KARUNYA PLUS LOTTERY
എല്ലാ വ്യാഴാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
സുവർണ്ണ കേരളം ഭാഗ്യക്കുറി
SUVARNA KERALAM LOTTERY
എല്ലാ വെള്ളിയാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
കാരുണ്യ ഭാഗ്യക്കുറി
KARUNYA LOTTERY
എല്ലാ ശനിയാഴ്ചയും
ഒന്നാം സമ്മാനം ₹1 കോടി
ടിക്കറ്റ് വില ₹50
കൂടാതെ 5000, 2000, 1000, 500, 200, 100 രൂപയുടെ നിരവധി സമ്മാനങ്ങൾ
നറുക്കെടുപ്പ് എല്ലാ ദിവസവും ഉച്ചയ്ക്ക് 3 മണിക്ക്
For draw results: www.statelottery.kerala.gov.in
YOUTUBE
For watching the draw live
kslott

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

# കേരള വിഷ്വൽ എൻസൈക്ലോപീഡിയ



ഡോ. ബി. രാധാകൃഷ്ണൻ
( പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി )

അറിവുകളുടെ ലോകത്താണ് നാം ജീവിക്കുന്നത്. ഒരു പൗരൻ അവന്റെ ചുറ്റുപാട്, സാഹചര്യം സമൂഹം എന്നിവയെ കുറിച്ച് സാമാന്യ ധാരണ പുലർത്തുന്നവനായിരിക്കണം. എങ്കിൽ മാത്രമേ വ്യക്തിയും സമൂഹവും ലോകവും തമ്മിലുള്ള ബന്ധം സുദൃഢമാകൂ. കുറച്ചു കൂടി മികച്ച ധാരണ കൈവരിക്കാൻ ഗ്രന്ഥങ്ങൾ നമ്മെ സഹായിക്കുന്നു. വിജ്ഞാന ശേഖരം അടുക്കിയെടുത്ത് പ്രസിദ്ധ പ്പെടുത്തുന്ന വിജ്ഞാനകോശങ്ങൾ ലൈബ്രറികളിൽ ലഭ്യമാണ്. എന്നാൽ ഈ ഡിജിറ്റൽ ലോകത്ത് കേരളത്തെ കുറിച്ചുള്ള ഒരു ദൃശ്യ വിജ്ഞാനകോശം നിലവിലില്ല. ഭാരിച്ച യത്നവുമാണത് .

കോർപ്പറേഷൻ , മുനിസിപ്പാലിറ്റി , പഞ്ചായത്ത് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ച്, അതിലെ ഓരോ പ്രദേശത്തെയും കുറിച്ച് നാൽപ്പത്തിലേറെ വിഷയങ്ങൾ പരിശോധിച്ച് സംഭരിക്കുന്ന വിജ്ഞാനം ചിത്രീകരിച്ച് ഓരോ എപ്പിസോഡുകളാക്കുക എന്നതാണ് കേരള വിഷ്വൽ എൻസൈക്ലോപീഡിയ പദ്ധതി.

23 വർഷം മുൻപ് ജീവൻ ടിവി ആരംഭിക്കുമ്പോൾ നമ്മുടെ പഞ്ചായത്തുകൾ എന്ന പ്രോഗ്രാം ഏതാണ്ട് ഒരു വർഷക്കാലം സംപ്രേഷണം ചെയ്തിരുന്നു . അതൊരു കൗതുകകരമായ കാഴ്ചയായിരുന്നു. കാണികൾ മെല്ലെ വർധിച്ചു വരികയും ചെയ്തു. ആ പരമ്പര നിർമ്മിച്ച സൗപർണിക പ്രൊഡക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി സഹകരിച്ച് ഫിൽക്ക ഫിലിം സൊസൈറ്റി ഒരു പരമ്പര തയ്യാറാക്കുന്നു. കേരള പീഡിയ ന്യൂസ് ചാനലിൽ സംപ്രേഷണം ചെയ്യുന്നു എന്നത് മാത്രമല്ല 5 വർഷം പൊതുസമൂഹത്തിനായി സൂക്ഷിക്കുകയും ചെയ്യുന്നു.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca



ഒട്ടേറെ തയ്യാറെടുപ്പുകൾക്ക് ശേഷമാണ് ഈ പരമ്പര ആരംഭിക്കുന്നത്. കോവിഡിന് മുൻപ് ഒരു സാമ്പിൾ എപ്പിസോഡ് എന്ന നിലയിൽ വട്ടിയൂർക്കാവ് വാർഡിനെ കുറിച്ച് ഒരു ഡോക്യുമെന്ററി ഫിലിം എപ്പിസോഡ് തയ്യാറാക്കിയിരുന്നു. അത് യൂട്യൂബിൽ ലഭ്യമാണ്. വട്ടിയൂർക്കാവ് ഡോക്യുമെന്ററി ഫിലിം എന്ന് യുട്യൂബിൽ തിരഞ്ഞാൽ കാണാം. വട്ടിയൂർക്കാവ് പ്രദേശത്തുള്ള വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ ഒരു സ്പോട്ട് പരസ്യം ( 10 സെക്കൻഡ് ) ഈ ഡോക്യുമെന്ററിയിൽ കാണാം. നിർമ്മാണ ചെലവും പ്രവർത്തകർക്കുള്ള പ്രതിഫലവും ഇങ്ങനെ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നു.

അങ്ങനെ ഒട്ടേറെ പേർക്ക് മാധ്യമ രംഗത്ത് തൊഴിലവസരവും സൃഷ്ടിക്കുന്നു. ഗവേഷണ രംഗത്തും മാർക്കറ്റിംഗ് വിഭാഗത്തിലും സാങ്കേതിക കാര്യങ്ങളിലും പരിശീലനം നേടിയവർക്ക് കേരള പീഡിയ ന്യൂസിന്റെ എപ്പിസോഡ് ഡയറക്ടർമാർ വരെ ആകാം. 5 വർഷം കഴിയുമ്പോൾ ഓരോ എപ്പിസോഡും പുതുക്കുന്നതിനാൽ തൊഴിലവസരം സുസ്ഥിരമാണ്.

ഓരോ വാർഡിനെ കുറിച്ചുമുള്ള വിവരങ്ങൾ ഏതാനും പ്രധാന വ്യക്തികളിൽ നിന്ന് ശേഖരിക്കുക, അത് സ്ക്രിപ്റ്റ് രൂപത്തിലാക്കുക, തുടർന്ന് ഷൂട്ട് ചെയ്യുക. സ്പോൺസർമാർക്ക് പരസ്യചിത്രവും ഇളവുകളോടെ ഷൂട്ട് ടീം ചെയ്തുകൊടുക്കുന്നു. 5 വർഷം ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നു.

കേരള വിഷൽ എൻസൈക്ലോപീഡിയായുടെ ഓരോ എപ്പിസോഡും കേരള പീഡിയന്യൂസ് ചാനലിൽ തുടർച്ചയായി പ്രദർശിപ്പിക്കുന്നു. ഓൺലൈനിൽ ഫോണിൽ പോലും ആർക്കും എവിടെയും എപ്പോഴും സൗകര്യപൂർവ്വം കാണാൻ കഴിയും. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പൊതുപ്രവർത്തകർക്കും വീട്ടമ്മമാർക്കും മാധ്യമ പ്രവർത്തകർക്കും ഇതൊരു റഫറൻസ് പ്രോഗ്രാം കൂടിയാണ്. ഓരോ എപ്പിസോഡിലൂടെയും നമ്മുടെ കേരളത്തിലെ ഓരോ പ്രദേശത്തെയും കാണുവാനും അറിയുവാനും സാധിക്കും.

ഫിൽക്ക ഫിലിം സൊസൈറ്റിയുടെയും സൗപർണിക പ്രൊഡക്ഷൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെയും കേരള പീഡിയ ന്യൂസ് ചാനലിന്റെയും ആഭിമുഖ്യത്തിൽ ആരംഭിച്ച കേരള വിഷ്വൽ എൻസൈക്ലോപീഡിയ എന്ന പരമ്പരയുടെ ആദ്യ ഘട്ടത്തിന്റെ ഷൂട്ടിംഗ് പൂർത്തിയായിരിക്കുകയാണ് എന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു .

നവംബറിൽ ശംഖുമുഖത്ത് വെച്ച് സ്വിച്ച് ഓൺ കർമ്മം നിർവഹിച്ച ഈ മാധ്യമ



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca



സംരംഭത്തിൽ, തീർഥാടന കേന്ദ്രങ്ങളും ടൂറിസവും വാണിജ്യ വ്യവസായ സ്ഥാപന ങ്ങളും മത്സ്യബന്ധന രംഗങ്ങളും ചരിത്രവും ഉള്ള വെട്ടുകാട്, വലിയതുറ, ബീമാപള്ളി എന്നീ മൂന്ന് വാർഡുകളാണ് ഉള്ളത്.മൂന്നും ഉദ്ഘാടന ചിത്രങ്ങൾ.

മൂന്ന് വാർഡുകളിലെയും കൗൺസിലർ മാർ - ശ്രീമതി കിൻസി ഐവിൻ, ഷീബ പാട്രിക് , സജീന ടീച്ചർ എന്നിവർ ചിത്രീ കരണത്തിൽ പങ്കെടുത്തു. കൂടാതെ ടൈറ്റാ നിയം , എയർപോർട്ട് , വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയും തീരദേശ സംഘടനകളുടെയും ആരാധനാലയങ്ങളു ടെയും പ്രധാന പ്രതിനിധികൾ സംസാരിച്ചു. പ്രമുഖ ചരിത്രകാരന്മാരും പങ്കെടുത്തു. തിരുവനന്തപുരം നഗരസഭയുടെ ബഹു. മേയർ ആമുഖം നൽകി. ഓരോ വാർഡി ലേയും പ്രധാന കാര്യങ്ങൾ കുറഞ്ഞ സമയം കൊണ്ട് ചിത്രീകരിച്ചിട്ടുണ്ട്. കടലി ലും ചിത്രീകരണം ഉണ്ടായിരുന്നു. ഇനി എഡിറ്റിംഗ്, റെക്കോർഡിങ് തുടങ്ങിയ പോസ്റ്റ് പ്രൊഡക്ഷൻ ജോലികളിലേക്ക് കടക്കുകയാണ് .

ഒട്ടേറെ വിജ്ഞാനപ്രദവും കൗതുകകരവു മായ കാഴ്ചകൾ ഈ എപ്പിസോഡുകളിൽ ഉണ്ട്. ലോക മലയാളി സമൂഹത്തിന് ഈ ബൃഹദ് പരമ്പരയിലെ ഓരോ എപ്പിസോ ഡും അവിസ്മരണീയമായിരിക്കും. പോസ്റ്റ് പ്രൊഡക്ഷൻ സ്റ്റുഡിയോ ജോലികൾ പൂർത്തീകരിച്ച് ഫെബ്രുവരി മാസം ഉദ് ഘാടനം. അതിന് ശേഷം മറ്റ് എപ്പിസോഡു കളുടെ ചിത്രീകരണം ആരംഭിക്കും .

ഈ ദൃശ്യ മാധ്യമ സംരംഭത്തിൽ ഓരോ ജില്ലയിലും പ്രവർത്തിക്കാൻ താൽപ്പര്യം ഉള്ളവർക്ക് സൗജന്യ പരിശീലനം നൽകു ന്നതാണ്. വിവിധ ജില്ലകളിലുള്ള ഫിലിം സൊസൈറ്റി അംഗങ്ങൾക്കും സീനിയർ പൗരന്മാർക്കും ഗൾഫിൽ നിന്ന് വിരമിച്ച വർക്കും വീട്ടമ്മമാർക്കും ഈ ഡിജിറ്റൽ വിജ്ഞാനകോശ നിർമ്മാണ സംരംഭത്തിൽ പങ്കെടുക്കാം.

**സഹകരിച്ച എല്ലാവർക്കും നന്ദി.**



January Film Festival

ഫിലിം വിഷൻ
Digital Magazine Published by Filca Film Society

World Literature & World Cinema Part-VII


filca

# ചിത്രീകരണത്തിൽ നിന്ന്

















January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

(പ്രതികരണം)


# 1.വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കിയുള്ള ചലച്ചിത്രമേളയുടെ ആറാം ഭാഗം



**ജോൺ തോമസ്**
(ഫിൽക്ക)

ഫിൽക്കാ ഫിലിം സൊസൈറ്റിയുടെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് 25 വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ ആസ്പദമാക്കി നടത്തിവരുന്ന ചലച്ചിത്രമേളയുടെ ആറാം ഭാഗത്തിൽ മൂന്ന് സിനിമകൾ ഉൾക്കൊള്ളുന്ന ഫിലിം ഫെസ്റ്റിവലിന് 2025 നവംബർ മാസം മുപ്പതാം തീയതി തിരുവനന്തപുരത്ത് ജോയിന്റ് കൗൺസിൽ എ.സി ഹാൾ വേദിയായി. നോബൽ സമ്മാന ജേതാക്കളായ സാഹിത്യകാരന്മാരുടെ മൂന്ന് നോവലുകളെ ആസ്പദമാക്കിയുള്ള സിനിമകൾ ആയിരുന്നു അവ.

ബോറിസ് പാസ്റ്റർ നാക്കിന്റെ 'ഡോക്ടർ ഷിവാഗൊ' എന്ന നോവലിനെ ആസ്പദമാക്കി ഡേവിഡ് ലീൻ സംവിധാനം ചെയ്ത അതേ പേരുള്ള ചിത്രം,




ഹംഗേറിയൻ സാഹിത്യകാരൻ ലാഴ്സ് ക്രാസ്ന ഹോർക്കായിയുടെ നോവലിനെ ആസ്പദമാക്കി 2022 ലെ IFFK യിൽ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നേടിയ ബേലാ താറിന്റെ 'വെർക് മീസ്റ്റർ ഹാർമണീസ് 'എന്ന സിനിമ, പോർച്ചുഗീസ് സാഹിത്യകാരൻ ഷൂസെ സരമാഗുവിന്റെ



'ബ്ലൈൻഡ്നെസ്സ് ' എന്ന നോവലിനെ അധികരിച്ച് ഫെർണാണ്ടൊ മെയിറലസ് സംവിധാനം ചെയ്ത അതേ പേരിലുള്ള സിനിമ എന്നിവയായിരുന്നു പ്രസ്തുത മേളയിൽ ഉൾപ്പെടുത്തപ്പെട്ടവ.

മൂന്നു നോവലുകളും സിനിമകളും രൂപംകൊണ്ട കാലം വിലയിരുത്തിയാൽ ആദ്യമായി ജനസമക്ഷം എത്തിയത് ചലച്ചിത്രമേളക്ക് തുടക്കം കുറിച്ചു കൊണ്ട് അവതരിപ്പിച്ച ഡോക്ടർ ഷിവാഗോയാണ്. കവി, നോവലിസ്റ്റ് എന്നീ നിലകളിൽ ശ്രദ്ധേയനായ ബോറിസ് പാസ്റ്റർനാക്കിന്റെ നോവലിന്റെ




പശ്ചാത്തലം റഷ്യയിൽ നടന്ന സോഷ്യലിസ്റ്റ് വിപ്ലവത്തിൽ തുടങ്ങി ഒന്നാം ലോക മഹായുദ്ധം വരെയുള്ള കാലഘട്ടമാണ്. വൈവാഹിക ബന്ധത്തിലൂടെ രൂപം കൊണ്ട തന്റെ കുടുംബാംഗങ്ങൾക്ക് സ്നേഹവും കരുതലും പകർന്നു നൽകിയ യൂറി പാസ്റ്റർ നാക്കിന്റെ ഡോക്ടർ എന്ന നിലയിൽ ഉള്ള തന്റെ യുദ്ധകാല സേവനത്തിനിടയിൽ യുദ്ധരംഗത്തെ ആശുപത്രിയിൽ നേഴ്സായി സേവനമനുഷ്ഠിച്ച ലാറ യുമായുള്ള പ്രണയവും ഭരണകൂട ശക്തികളുടെ ഇടപെടൽ മൂലം ആ ബന്ധത്തിന്റെ അന്ത്യവുമാണ് നോവലിന്റെ പ്രമേയം.



ഒക്ടോബർ വിപ്ലവത്തെ തുടർന്ന് സോവിയറ്റ് യൂണിയനിൽ അധികാരത്തിൽ വന്ന ഭരണകൂടത്തിന്റെ ചാലക ശക്തിയായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ തദ്ദേശീയ നേതാവിനാൽ ബലാത്സംഗത്തിന് വിധേയയായിരുന്ന ലാറ യൂറിയുമായുള്ള ബന്ധത്തിൽ ഒരു കുഞ്ഞിന് അമ്മയാവുകയും യുദ്ധാനന്തരം അമ്മയെയും കുഞ്ഞിനേയും മുഷ്കൻമാരായ നേതാക്കൾ ബലപ്രയോഗത്തിലൂടെ യൂറിയിൽ നിന്നും അകറ്റി കൊണ്ടുപോവുകയും തുടർന്ന് ഏകാന്തതാദുഃഖം അനുഭവിച്ച യൂറിയുടെ അന്ത്യം സംഭവിക്കുന്നതും ആവിഷ്കരിച്ചതിലൂടെ ശ്രദ്ധേയമായ




നോവലാണ് ഡോക്ടർ ഷിവാഗൊ. ഓരോ വിപ്ലവവും വ്യക്തിസ്വാതന്ത്ര്യം, ജനങ്ങളുടെ സ്വൈര്യജീവിതം, പ്രണയം ഉൾപ്പെടെയുള്ള നൈസർഗിക വികാരങ്ങൾ എന്നിവയ്ക്ക് തടസ്സമായി തീരുന്നുവെന്ന് നോവലും സിനിമയും ഉദ്ഘോഷിക്കുന്നു.

യുദ്ധകാലത്ത് പട്ടാളക്കാർക്ക് വേണ്ടി രൂപം കൊണ്ട ആശുപത്രിയിലെ തന്റെ സഹായിയായ ലാറയുമൊത്ത് ചെലവഴിച്ച സമയമത്രയും തന്റെ

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

ജീവിതത്തിലെ അനർഘ നിമിഷങ്ങളായി യൂറിക്ക് അനുഭവപ്പെടുന്നു. ആ ബന്ധത്തിൽ പ്രചോദിതനായി അദ്ദേഹം എഴുതുന്ന കവിതകൾക്ക് മിഴിവും ചാരുതയും കൂടുതലായി ഉണ്ടാകുന്നു. ഒമർ ഷെരീഫും ജൂലി ക്രിസ്റ്റിയും യൂറിയായും ലാറയായും അഭിനയിച്ച ഡേവിഡ് ലീൻ സിനിമയിൽ യൂറൽ പർവ്വത നിരകൾക്ക് താഴെയുള്ള വാരികിനൊയിൽ വച്ചുള്ള അവരുടെ കൂടിക്കാഴ്ചയുടെയും താമസത്തിന്റെയും രംഗങ്ങൾക്ക് അലൗകിക സ്വഭാവവും അസാമാന്യമായ ദൃശ്യചാരുതയും കൈവന്നു.




നോബൽ സമ്മാനം വാങ്ങുന്നതിൽ നിന്ന് പാസ്റ്റർനാക്കിനെ വിലക്കിയ അധികാരികൾ ആ രാജ്യത്തു വച്ച് സിനിമ ചിത്രീകരണം നടത്തുന്നതിനുള്ള അനുമതിയും നിഷേധിച്ചു. വലിയ ലക്ഷ്യങ്ങൾ മുൻനിർത്തി അരങ്ങേറുന്ന ലോക വിപ്ലവങ്ങൾ പൗരസ്വാതന്ത്ര്യത്തിനും ജനങ്ങളുടെ സ്വൈരവിഹാരത്തിനും എപ്രകാരമാണ് തടസ്സമായി തീരുന്നതെന്ന് നോവലിലെന്ന പോലെ സിനിമയും വെളിപ്പെടുത്തുന്നു.

രണ്ടുവർഷം മുൻപ് നടന്ന ഐ.എഫ്.എഫ്.കെ യിൽ നേരിട്ടെത്തി ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം



ഏറ്റു വാങ്ങിയ, ഇക്കഴിഞ്ഞ വർഷം അന്തരിച്ച ഹംഗേറിയൻ സംവിധായകൻ ബേലാ താറിന്റെ 'വെർക്മീസ്റ്റർ ഹാർമണിസാ'യിരുന്നു അടുത്തതായി പ്രദർശിപ്പിച്ച സിനിമ. നോബൽ സമ്മാന ജേതാവ് ലാഴ്സ് ക്രാസ്ന ഹോർക്കായിയുടെ നോവലിനെ അടിസ്ഥാനമാക്കി 2000 ത്തിൽ നിർമ്മിച്ച സിനിമ വ്യവസ്ഥാപിതമായ സാമൂഹിക ക്രമങ്ങൾ സൃഷ്ടിക്കുന്ന നിശ്ചലാവസ്ഥയും അതിനെതിരെ കലഹിച്ച് നിലവിലുള്ള വ്യവസ്ഥയെ മാറ്റിയെടുക്കുവാൻ നടത്തുന്ന ശ്രമങ്ങൾ വ്യക്തികളിൽ ഉണ്ടാക്കുന്ന അശാന്തിയുടെയും ഉന്മാദത്തിന്റെയും അവസ്ഥയെയും ഒരു സംഗീത ശില്പവുമായി ബന്ധപ്പെടുത്തി അവതരിപ്പിച്ച സിനിമയാണിത്. 39 ഷോട്ടിൽ തീർത്ത 145 മിനിറ്റ് ദൈർഘ്യമുള്ള ബ്ലാക്ക് ആൻഡ് വൈറ്റ് സിനിമ. കഥാപാത്രങ്ങളുടെ മാനസികാവസ്ഥ ചിത്രീകരിക്കാൻ ക്യാമറയുടെ പതിഞ്ഞ നീക്കം, സന്ദർഭത്തിനനുസരിച്ച്



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

ആവർത്തിക്കുന്ന സംഗീതം, ബ്ലാക്ക് ആൻഡ് വൈറ്റിൽ തീർത്ത ക്ലോസപ്പുകളും ലോങ്ങ് ഷോട്ടുകളും, യാന്ത്രികവും മടുപ്പുളവാക്കുന്നതുമായ പുറം കാഴ്ചകളും അവയെ സമയമെടുത്ത് നോക്കിയിരിക്കുന്ന കഥാപാത്രങ്ങൾ എന്നിവയെല്ലാം സമന്വയിപ്പിച്ചിരിക്കുന്നു. ഇവയെല്ലാം ചേർത്തുവച്ച് അതുല്യ സംവിധായകൻ ബേലാ താർ സൃഷ്ടിച്ചിരിക്കുന്ന സിനിമയുടെ മൂഡ് അനുഭവിച്ചു തന്നെ അറിയേണ്ടതാണ് .അദ്ദേഹത്തിന്റെ 'Damned', 'Man from London' എന്നീ സിനിമകൾക്കും. അദ്ദേഹത്തിന്റെ മരണത്തെത്തുടർന്ന് ഇക്കഴിഞ്ഞ ഐ.എഫ്.എഫ്.കെയിൽ ഹോമേജ് വിഭാഗത്തിൽ അവതരിപ്പിച്ച 'ടൂറിൻ ഹോഴ്സ്' എന്ന സിനിമയോടും ചേർത്തു വയ്ക്കാവുന്നതാണ് അദ്ദേഹത്തിന്റെ 'വെർക് മീസ്റ്റർ ഹാർമണീസ് '.

കമ്മ്യൂണിസ്റ്റ് ഭരണത്തിൻ കീഴിൽ സോവിയറ്റ് ബ്ളോക്കിൽ പെട്ട രാഷ്ട്രമായിരുന്ന ഹംഗറിയിലെ അവസ്ഥയെന്നതിനെക്കാളുപരി കാഫ്കയുടെ കൃതികളിലെ പോലെ ദുരന്ത സ്വഭാവമുള്ള മനുഷ്യാവസ്ഥയുടെ നേർക്കാഴ്ചകളായി ഈ സിനിമകൾ അനുഭവപ്പെട്ടു. നോബൽ സമ്മാനം നേടിയ വിഖ്യാത പോർച്ചുഗീസ് നോവലിസ്റ്റ് ഷൂസെ സരമാഗു 1995ൽ രചിച്ച 'ബ്ലൈൻഡ്നെസ്' എന്ന നോവലിനെ ആസ്പദമാക്കി 2008 ൽ പുറത്തിറങ്ങിയ അതേ പേരിലുള്ള സിനിമയാണ് മേളയിൽ അവസാനമായി പ്രദർശിപ്പിച്ചത്.

ഇതിലെ പടർന്നുപിടിക്കുന്ന അന്ധത ഒരു രൂപകമാണ്. കാഴ്ച നഷ്ടപ്പെട്ട വ്യത്യസ്ത തരത്തിലുള്ള ആൾക്കാരെ പകർച്ചവ്യാധിക്കാർക്കു വേണ്ടി പ്രത്യേകമായി സജ്ജീകരിച്ച ഇടത്ത് കനത്ത കാവൽ, നിയന്ത്രിതമായ അളവിലുള്ള ഭക്ഷണം ഉൾപ്പെടെയുള്ളവയുടെ അകമ്പടിയോടുകൂടി താമസിപ്പിക്കുന്നു. ഈ ആൾക്കൂട്ടം വിശപ്പ്, മനുഷ്യ ബന്ധങ്ങൾ, ധാർമികത, സാമാന്യ മര്യാദ, സ്വാതന്ത്ര്യം എന്നിത്യാദി കാര്യങ്ങളിലൊക്കെ എപ്രകാരം പ്രതികരിക്കുന്നുവെന്ന് മനസ്സിലാക്കാനുള്ള ശ്രമമാണ് ഈ സിനിമയിൽ നടന്നിരിക്കുന്നത്. ഇവരെ വേർതിരിച്ച് വേലിക്കെട്ടിനുള്ളിൽ നിർത്തി അവർക്ക് ഭക്ഷണം ഉൾപ്പെടെ നൽകാതിരിക്കാനുള്ള സ്വാർത്ഥരായ ഭരണവർഗത്തിന്റെ ശ്രമം നിയമവാഴ്ചയുടെ തകർച്ച, അച്ചടക്കരാഹിത്യം എന്നിവയിൽ ആരംഭിച്ച് ലക്ഷ്യമില്ലായ്മയിലൂടെയും അക്രമത്തിലൂടെയും കൊലപാതകത്തിൽ ചെന്നെത്തുന്നത് വരെ ശക്തമായി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്.

തങ്ങൾ നേരിട്ട കടുത്ത അനുഭവങ്ങൾ സിനിമയിലെ മുഖ്യ കഥാപാത്രങ്ങൾക്ക് പാഠമായിത്തീരുന്നു. തങ്ങൾക്ക് ചുറ്റുമുള്ള തകർന്ന സമൂഹത്തിൽ നിന്നും വ്യത്യസ്തരായി സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പാഠങ്ങൾ ഉൾക്കൊണ്ടവരായിട്ടാണ് രോഗശമനത്തെ തുടർന്ന് കാഴ്ച വീണ്ടെടുക്കപ്പെട്ട അവർ പുറംലോകത്തേക്ക് ഇറങ്ങുന്നത്.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

# 2. ഫിൽക്ക ഫിലിം വിഷൻ ഡിജിറ്റൽ മാഗസിൻ ഐ . എഫ്. എഫ്. കെ സ്പെഷ്യൽ പതിപ്പ്



ജോൺ തോമസ് .
( ഫിൽക്ക)



രാജ്യാന്തര ഫിലിം ഫെസ്റ്റിവലുകളിൽ ശ്രദ്ധേയമായവയുടെ പട്ടികയിൽ ഇടം നേടിയതാണ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള (ഐ.എഫ്.എഫ്.കെ). 2025 ഡിസംബർ മാസത്തിൽ നടന്ന ഐ.എഫ്.എഫ്. കെയുടെ മുപ്പതാമത് മേളയിൽ 70 രാജ്യങ്ങളിൽ നിന്നുള്ള 200 ൽപരം ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. 15 പ്രദർശനശാലകളിലായി ഔദ്യോഗിക കണക്കനുസരിച്ച് 15,000 ത്തോളം ഡെലിഗേറ്റ്സ് എട്ടു ദിവസം നീണ്ടുനിന്ന മേളയിൽ സിനിമ ആസ്വാദകരായി എത്തി.

പലതരത്തിലുള്ളവരാണ് കാഴ്ചക്കാരായി എത്തുന്നത്. അലസമായി സിനിമയെ സമീപിക്കുന്നവരും കലയെന്ന നിലയിൽ അർഹിക്കുന്ന ഗൗരവത്തോടെ സിനിമയെ സമീപിക്കുന്ന ആസ്വാദകരും ഇക്കൂട്ടത്തിൽ ഉണ്ട്.

ഐ.എഫ്.എഫ്. കെ യിൽ സിനിമ കാണാൻ എത്തുന്ന ഫിൽക്കാ ഫിലിം സൊസൈറ്റി അംഗങ്ങളെ മെച്ചപ്പെട്ട നിലവാരത്തിൽ സിനിമ ആസ്വദിക്കാൻ പര്യാപ്തരാക്കുക, അവർ കണ്ട ചിത്രങ്ങളെക്കുറിച്ച് ഭേദപ്പെട്ട ആസ്വാദനം തയ്യാറാക്കിച്ച് അവയുടെ പ്രസിദ്ധീകരണത്തിന് കളമൊരുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി, ഫിൽക്കാ



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

ഫിലിം സൊസൈറ്റി 28, 29, 30 ഐ.എഫ്.എഫ്.കെ സ്പെഷ്യൽ എഡിഷനുകൾ തയ്യാറാക്കി. മാസം തോറും പ്രസിദ്ധീകരിക്കുന്ന ഫിലിം വിഷൻ ഡിജിറ്റൽ മാഗസിനു പുറമെയുള്ള ഐ.എഫ്.എഫ്.കെ സ്പെഷ്യൽ പതിപ്പാണിത്.

ഫിലിം ഫെസ്റ്റിവലിന് മുമ്പായി അംഗങ്ങൾക്ക് ചലച്ചിത്രസ്വാദനത്തിൽ മാർഗ്ഗദർശനം നൽകുന്നതിനുവേണ്ടി, ഫിലിം ജേർണലിസം വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. ചലച്ചിത്ര നിരൂപകൻ ശ്രീ. വിജയകൃഷ്ണൻ നേതൃത്വം നൽകിയ വർക്ക് ഷോപ്പിൽ ഫിൽക്ക ജനറൽ സെക്രട്ടറി സാബു ശങ്കർ അടക്കമുള്ള ഭാരവാഹികൾ, പങ്കെടുത്തവർക്ക് നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി.



മുപ്പതാമത് രാജ്യാന്തര ഫിലിം ഫെസ്റ്റിവലിൽ ഡെലിഗേറ്റുകളായി പേര് രജിസ്റ്റർ ചെയ്ത 16 പേരെ കൊണ്ട് മത്സര വിഭാഗത്തിലും ലോക സിനിമാ വിഭാഗത്തിലുമായി തങ്ങൾക്ക് ഇഷ്ടപ്പെട്ട 22 സിനിമകളെക്കുറിച്ച് ആസ്വാദനം എഴുതിച്ച്, പ്രസക്തമായ ചിത്രങ്ങൾ ഉൾപ്പെടുത്തി, എഡിറ്റ് ചെയ്ത്, ഫിലിം വിഷൻ ഡിജിറ്റൽ മാഗസിൻ സ്പെഷ്യൽ എഡിഷൻ പ്രസിദ്ധീകരിച്ചു. ഓരോരുത്തരും



തങ്ങളുടേതായ രീതിയിൽ സിനിമയെ കണ്ട് ആസ്വദിച്ച് ആവശ്യമായ അടിസ്ഥാന വിവരങ്ങൾ കൂട്ടിച്ചേർത്ത് പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ആണ് ഇതിലുള്ളത്. ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ച സിനിമകളിൽ ഏതാണ്ട് ശ്രദ്ധേയമായതെല്ലാം തന്നെ ആസ്വാദനത്തിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ഇതുകൂടാതെ ഫെസ്റ്റിവലിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നേടിയ സംവിധായകൻ അബ്ദെറഹ്മാൻ സിസ്സാക്കോ, സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരം നേടിയ സംവിധായിക കെല്ലി ഫൈഫ് മാർഷൽ, മുതിർന്ന സിനിമാ ശബ്ദലേഖകൻ കൃഷ്ണനുണ്ണി എന്നിവരുമായുള്ള അഭിമുഖങ്ങളും ഈ പതിപ്പിൽ ഉണ്ട് .

ഇവയ്ക്കു പുറമേ, സിനിമ നിരൂപകൻ വിജയകൃഷ്ണൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ഫിലിം സൊസൈറ്റി



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca



പ്രവർത്തകൻ ഡോ. വി. മോഹന കൃഷ്ണൻ എന്നിവരുടെ ലേഖനങ്ങൾ, ഫിൽക്ക ഫിലിം സൊസൈറ്റിയുടെ പ്രവർത്തനം അവലോകനം ചെയ്തു കൊണ്ടുള്ള പ്രസിഡന്റ് ഡോക്ടർ ബി. രാധാകൃഷ്ണന്റെ



ലേഖനം, ചിത്രങ്ങൾ എന്നിങ്ങനെ വിജ്ഞാന പ്രദങ്ങളും വിലപ്പെട്ടതുമായ നിരവധി മാറ്ററുകൾ അടങ്ങുന്നതാണ് 171 പേജുകൾ ഉള്ള മുപ്പതാമത് രാജ്യാന്തര ഫിലിം ഫെസ്റ്റി

വലിനോട് അനുബന്ധിച്ച് ഇറക്കിയ സ്പെഷ്യൽ പതിപ്പ് . ഈ പതിപ്പുകൾ ഒക്കെ തന്നെ ആവശ്യമുള്ളവർക്ക് ഡിജിറ്റലായി എളുപ്പം ലഭ്യമാക്കി എടുക്കത്തക്ക രീതിയിൽ സൂക്ഷിച്ചിട്ടു മുണ്ട്. ഇത് www.filca.in ൽ ലഭ്യമാണ്.



അസാധാരണവും ശ്രമകരവുമായ ഇത്തരമൊരു ഉദ്യമത്തിന് മറ്റൊരു ഫിലിം സൊസൈറ്റിയും ഇന്നത്തെ സാഹചര്യത്തിൽ മുതിരുമെന്ന് തോന്നുന്നില്ല. ആഴവും പരപ്പും കൊണ്ട് ശ്രദ്ധേയമായ ഈ ഫെസ്റ്റിവൽ പതിപ്പിനു പിന്നിൽ പ്രവർത്തിച്ച വർക്ക് അഭിനന്ദനങ്ങൾ. ●



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

# "GONE WITH THE WIND"
# (കാറ്റിനൊപ്പം പറന്നു പോയവർ)



**സുരേഷ്കുമാർ.സി**
സെക്രട്ടറി ,
ബീം ഫിലിം സൊസൈറ്റി




എബ്രഹാം ലിങ്കന്റെ നേതൃത്വത്തിൽ അമേരിക്കൻ ഐക്യനാടുകളിലെ 'അടിമസമ്പ്രദായം' അവസാനിപ്പിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ച് തെക്കൻ പ്രവിശ്യാ സംസ്ഥാനങ്ങളിൽ ഉയർന്നുവന്ന ആഭ്യന്തര കലാപങ്ങളുടെ പശ്ചാത്തലത്തിൽ ഇംഗ്ലീഷ് സാഹിത്യകാരിയായ മാർഗരറ്റ് മിച്ചേൽ രചിച്ച (1936), പുലിറ്റ്സർ അവാർഡ് നേടിയ, നോവലിന്റെചലച്ചിത്രാവിഷ്കാരമാണ് , വിക്ടർ ഫ്ളെമിംഗിന്റെ സംവിധാനത്തിൽ, 1939 ൽ പുറത്തിറങ്ങിയ അമേരിക്കൻ സിനിമയായ ' ഗോൺ വിത്ത് ദ വിന്റ്' (Gone With the Wind).

1860 ൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട എബ്രഹാം ലിങ്കന്റെ, അടിമ സമ്പ്രദായത്തിനെതിരായ നടപടി, അടിമവേലയുടെ ബലത്തിൽ നിലനിന്നിരുന്ന തെക്കൻ പ്രവിശ്യകളിലെ തോട്ടം മേഖലകളിൽ ശക്തമായ പ്രതിഷേധത്തിനിടയാക്കി. രണ്ടു ഘട്ടങ്ങളിലായി പതിനൊന്ന് പ്രവിശ്യകൾ യൂണിയൻ ഗവണ്മെന്റിൽ നിന്ന് വേറിട്ട് Confederate States of America (Confederacy) എന്ന സ്വതന്ത്ര റിപ്പബ്ളിക്കിന് രൂപം നൽകി. തുടർന്ന് 1861 മുതൽ 1865 വരെ നടന്ന ആഭ്യന്തര യുദ്ധത്തിന്റെയും Confederacy യുടെ ആത്യന്തിക പതനത്തിന്റെയും തെക്കൻ പ്രവിശ്യകളുടെ കണ്ണിലൂടെയുള്ള കാഴ്ചയാണ് നോവലിലും സിനിമയിലും നമുക്ക് മുന്നിലെത്തുന്നത്.

അതു കൊണ്ടുതന്നെ 'അടിമ സമ്പ്രദായ'ത്തെ കാല്പനികവൽക്കരിക്കുന്നു എന്ന രാഷ്ട്രീയ വിമർശനം തുടക്കം മുതൽ തന്നെ നോവലും സിനിമയും നേരിടുന്നു ണ്ടായിരുന്നു. അപ്പോഴും, ഒരു കാലഘട്ടത്തിലെ, ഒരു ജനതയുടെ സംഘർഷഭരിതമായ ജീവിതാവസ്ഥയുടെ ചിത്രീകരണം എന്ന നിലയിൽ സിനിമ വലിയ രീതിയിലാണ് സ്വീകരിക്കപ്പെട്ടത്. അക്കാലത്തെ, ഒരു പക്ഷെ എക്കാലത്തേയും മികച്ച വരുമാനം നേടിയ സിനിമയായി ഇത് കരുതപ്പെടുന്നുണ്ട്.

സ്വാതന്ത്ര്യം പ്രഖ്യാപിച്ച തെക്കൻ പ്രവിശ്യകളിലൊന്നായ ജോർജിയയിലെ Clayton , Atlanta എന്നീ സ്ഥലങ്ങളിലായാണ് കഥ നടക്കുന്നത്. ക്ലേട്ടണിലെ ഒരുതോട്ടമുടമയായ ജെറാൾഡ് ഒ ഹാരയുടെ മൂന്ന് പെൺമക്കളിൽ ഒരാളായ പതിനാറുകാരി സ്കാർലറ്റ് ഒ ഹാരയുടെ ജീവിത സംഭവങ്ങളിലൂടെയാണ് കഥ മുന്നോട്ടു പോകുന്നത്. തീഷ്ണ പ്രണയത്തിന്റെയും പ്രണയനഷ്ടത്തിന്റെയും സംഘർഷാവസ്ഥകളെ ,



സമ്മിശ്ര വികാരങ്ങളോടെ നേരിട്ട്, ജീവിതം മുന്നോട്ടു കൊണ്ടു പോകുകയാണ് സ്കാർലറ്റ് എന്ന യുവതി.

സമീപവാസിയും മറ്റൊരു തോട്ടമുടമയുടെ മകനുമായ ആഷ്‌ലേ വിൽക്കെസ്സുമായി തീവ്ര പ്രണയത്തിലാണ് സ്കാർലറ്റ്. എന്നാൽ, തന്റെ ബന്ധുവായ മെലേനി ഹാമിൽട്ടൺ എന്ന യുവതിയുമായി വിവാഹ നിശ്ചയത്തിനൊരുങ്ങുകയാണ് ആഷ്‌ലേ.

നിരാശയായ സ്കാർലറ്റ്, ആഷ്‌ലേയെ പ്രകോപിപ്പിക്കാനെന്നോണം, വിവാഹ നിശ്ചയ പാർട്ടിയിൽ മറ്റു പുരുഷന്മാരുമായി അടുത്തിടപഴകുകയും ആടിയുല്ലസിക്കുകയും ചെയ്യുന്നു. അവിടെ വച്ച് തന്നെ പിന്തുടരുന്ന റെട്ട് ബട്‌ലർ എന്ന സൈനികനെ ശ്രദ്ധിക്കുകയും ബോധപൂർവം ഒഴിഞ്ഞുമാറുകയും ചെയ്യുന്നു. ആഷ്‌ലേയുടെ പൂർണ്ണ നിരാസത്തെ ത്തുടർന്ന് മെലേനിയുടെ സഹോദരൻ ചാൾസ് ഹാമിൽട്ടണെ വിവാഹം കഴിക്കാൻ സ്കാർലറ്റ് നിർബന്ധിതയാകുന്നു.

ഈ കോലാഹലങ്ങൾക്കിടയിലാണ് ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ട വാർത്തയെത്തുന്നതും പുരുഷന്മാരാകെ യുദ്ധമുന്നണിയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ തയ്യാറായി മുന്നോട്ടു വരുന്നതും. ആഷ്‌ലേയും ചാൾസും അക്കൂട്ടത്തിൽ യുദ്ധരംഗത്തേക്ക് പോകുന്നു.

ആഴ്ചകൾക്കിടെ ചാൾസ് യുദ്ധരംഗത്തു വച്ച് മരണപ്പെടുന്നു. ദുഃഖിതയും നിരാശയുമായ സ്കാർലെറ്റ് അറ്റ്ലാന്റയിലുള്ള ഹാമിൽട്ടൺ ബന്ധു വീട്ടിലേക്ക് താമസം മാറ്റുന്നു. ദുഃഖാചരണത്തിന്റെ ഭാഗമായി കറുത്ത വസ്ത്രമണിയുന്നുങ്കിലും തന്റെ ഉള്ളിലെ ജീവിത മോഹങ്ങളെ അടക്കി നിർത്താൻ സ്കാർലെറ്റിനാവുന്നില്ല.

അറ്റ്ലാന്റയിൽ ഒരു പട്ടാള ആശുപത്രിയുടെ ധനശേഖരണാർത്ഥം നടത്തുന്ന പാർട്ടിക്കിടയിൽ കണ്ടുമുട്ടുന്ന റെക്ക് ബട്‌ലറുമൊത്ത് നൃത്തം ചെയ്യാൻ അവൾ മടിക്കുന്നില്ല. ബട്‌ലറുമായി അടുക്കാൻ ശ്രമിക്കുന്നുങ്കെിലും അയാൾ ഒഴിഞ്ഞു മാറുന്നു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് മൂന്ന് ദിവസത്തെ അവധിയിൽ ആഷ്‌ലേ നാട്ടിലെത്തുന്നതിൽ മെലേനിയോടൊപ്പം സ്കാർലറ്റും സന്തോഷിക്കുന്നുണ്ട്. തിരികെപ്പോകുന്നതിനു മുൻപുള്ള ഒരു സ്വകാര്യ സമാഗമത്തിൽ, തന്റെ അഭാവത്തിലും മെലേനിയോടൊപ്പം ഉണ്ടാകണമെന്ന ആഷ്‌ലേയുടെ ആഗ്രഹത്തോട് സ്കാർലെറ്റ് സമ്മതം മൂളുന്നു.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII



യുദ്ധം നാട്ടിലാകെ നാശം വിതയ്ക്കുകയാണ്. തെരുവുകളിൽ വെടി കൊണ്ടു വീണവരുടെ ശരീരഭാഗങ്ങളും ബോംബിംഗിൽ തകർന്ന കെട്ടിടാവശിഷ്ടങ്ങളും ആളിപ്പടരുന്ന തീജ്വാലകളും ഭീതി പടർത്തുന്നു. ജനങ്ങൾ എങ്ങോട്ടെന്നില്ലാതെ പരക്കം പായുകയാണ്. പട്ടാള ആശുപത്രിയിലെ പരിചാരികയായാണ് സ്കാർലറ്റിനെ നാം കാണുന്നത്. ഇതിനിടെ മെലേനി ഒരു ആൺ കുഞ്ഞിനെ പ്രസവിക്കുന്നു. ആഷ്‌ലേക്ക് നൽകിയ വാഗ്ദാന പ്രകാരം മെലേനിയേയും കുഞ്ഞിനെയും കൊണ്ട് തന്റെ പരുത്തി തോട്ടമായ TARA യിലേക്ക് പോകാൻ തീരുമാനിക്കുന്നു.

ദുർഘടം നിറഞ്ഞ തെരുവുകളിലൂടെയുള്ള യാത്രയിൽ കുറെ ദൂരം റെക് ബട്‌ലർ അവരെ സഹായിക്കുന്നുണ്ട്. വഴിക്ക് വച്ച്, പട്ടാളത്തിലേക്ക് തിരിച്ചു പോകാനായി പിരിയുന്ന വേളയിൽ ബട്‌ലറും സ്കാർലെറ്റും പരസ്പരം ആലിംഗനം ചെയ്യുന്നു.

ദുഷ്കരമായ യാത്രക്കൊടുവിൽ TARA യിലെത്തിച്ചേരുന്ന സ്കാർലെറ്റിനെ കാത്തിരുന്നത് ദുരന്ത വാർത്തകളായിരുന്നു.എന്നോ മരിച്ച അമ്മയുടെ ശരീരവും സൂക്ഷിച്ച് കാവലിരിക്കുന്ന, ഓർമ്മ നഷ്ടപ്പെട്ട അച്ഛനും രണ്ടു പേരെയും പരിചരിച്ച് കൂടെത്തന്നെയുള്ള പഴയ പരിചാരികരായ മമ്മിയും പോർക്കും തകർന്ന് വിജനമായ തോട്ടവും. രണ്ടു സഹോദരിമാരും സുരക്ഷിതരാണെന്ന പരിചാരികയുടെ വാക്കുകൾ ഒരാശ്വാസമായിരുന്നു. ആ കാഴ്ചക്ക് നടുവിൽ ഒരു പുതിയ സ്കാർലെറ്റ് രൂപം കൊള്ളുകയായിരുന്നു - എല്ലാം തിരിച്ചു പിടിക്കാനുള്ള ദൃഢനിശ്ചയവുമായി.

യുദ്ധം അവസാനിച്ചു. വീശിയടിച്ച കാറ്റിൽ ജോർജിയ കീഴടങ്ങി. ഉത്തര ദേശത്തു നിന്നും പുതിയ അധിപന്മാർ നാടു ഭരിക്കാനിറങ്ങി.

തകർന്ന തോട്ടങ്ങൾ വിലയ്ക്കെടുക്കുവാനും അല്ലാത്തവയ്ക്ക് ഭീമമായ നികുതി ചുമത്തുവാനും പുത്തൻ കൂറ്റുകാരെത്തി. തോറ്റു മടങ്ങുന്ന പട്ടാളക്കാരിലൊരുവനായി ആഷ്‌ലേയും മടങ്ങിയെത്തുന്നു. ഇടയ്ക്ക് ഒരപകടത്തിൽ അച്ഛൻ മരിക്കുന്നു.



തങ്ങൾക്ക് ചുമത്തപ്പെട്ട വർദ്ധിച്ച നികുതി യടക്കാനുള്ള വഴിതേടിയുള്ള പരക്കം പാച്ചിലിലായി സ്കാർലെറ്റും.സംഭവബഹുലമായ നാളുകളാണ് കടന്നു പോകുന്നത്. പണം സമ്പാദിക്കുകഎന്ന ലക്ഷ്യത്തോടെ, കച്ചവടക്കാരനായി മാറിയ, സഹോദരിയുടെ മുൻകാമുകൻ ഫ്രാങ്ക കെന്നഡിയെ സ്കാർലെറ്റ് വിവാഹം ചെയ്യുന്നു. ആഷ്‌ലേയുമൊത്ത് ബിസിനസ് തുടങ്ങുന്നു. കൂടുതൽ കർക്കശക്കാരിയും തന്നിഷ്ടക്കാരിയുമായ സ്കാർലെറ്റിനെയാണ് നാം കാണുന്നത്.

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII



അപ്രതീക്ഷിതമായ നിരവധി പ്രതിബന്ധങ്ങൾ നേരിടേണ്ടി വരുന്നു. സ്കാർലെറ്റിനു നേരെയുണ്ടായ കയ്യേറ്റ ശ്രമത്തിനു പിന്നാലെയുണ്ടായ സംഘർഷത്തിൽ ഫ്രാങ്ക് കെന്നഡി കൊല്ലപ്പെടുന്നു. ആഷ്‌ലേക്ക് ഗുരുതരമായ പരിക്കേൽക്കുന്നു.

ജീവിതം തുടരേണ്ടിയിരിക്കുന്നുഎന്ന് തിരിച്ചറിയുന്ന സ്കാർലെറ്റ് റെക്ക് ബട്‌ലറുമായി കൂടുതൽ അടുക്കുകയും അദ്ദേഹത്തെ വിവാഹം ചെയ്യുകയും ചെയ്യുന്നു. കൂടുതൽ സമ്പന്നവും ആഹ്ലാദകരവുമായ ജീവിത സാഹചര്യത്തിലേക്ക് കടന്നു ചെല്ലുന്നു. ഒരു പെൺകുഞ്ഞിനു ജന്മം നൽകിയെങ്കിലും കയറ്റിറക്കങ്ങൾ നിറഞ്ഞതായിരുന്നു അവരുടെ ബന്ധം. ആഷ്‌ലയോട് തോന്നിയ ആദ്യ പ്രണയം സ്കാർലെറ്റിന്റെ ഉള്ളിൽ നിന്നും പൂർണമായും ഒഴിഞ്ഞു പോയിരുന്നില്ല.



നിരവധി സന്ദർഭങ്ങളിൽ പ്രണയാർദ്രമായ മനസ്സ് പിടിവിട്ട് പുറത്തു ചാടുന്നുണ്ട്.

കുതിര സവാരിക്കിടയിലുായ മകളുടെ മരണത്തെത്തുടർന്ന് ബട്‌ലർ മെല്ലെ സ്കാർലറ്റിൽ നിന്നും അകലുകയും ചെയ്യുന്നു. മെലേനിയുടെ ആകസ്മിക മരണ ദിവസം സ്കാർലെറ്റിന്റെ ജീവിതത്തിൽ നിർണായകമായിത്തീരുന്നു. ആഷ്‌ലേ തന്നെയല്ല, എന്നും മെലേനിയെ മാത്രമാണ് സ്നേഹിച്ചിരുന്നതെന്ന സ്കാർലെറ്റിന്റെ തിരിച്ചറിവും സ്കാർലെറ്റിന്റെ മനസ്സിൽ ഇപ്പോഴും ആഷ്‌ലേയോടുള്ള സ്നേഹം നിറഞ്ഞു നിൽക്കുന്നുവെന്ന ബട്‌ലറുടെ തിരിച്ചറിവും ആ ദിവസം സംഭവിക്കുന്നതാണ്. ഒരേ ദിവസം സ്കാർലെറ്റിന് കാമുകനേയും ഭർത്താവിനേയും എന്നെന്നേക്കുമായി നഷ്ടപ്പെടുന്നു. തീർത്തും ഏകാകിയായി തളർന്നു വീഴുന്ന



സ്കാർലറ്റ് കൂടുതൽ ദൃഢനിശ്ചയത്തോടെ ഉയർന്നെഴുന്നേൽക്കുന്നു. ”Tomorrow is Another Day ‘ എന്ന് മനസ്സിലുറച്ച് തന്റെ ജന്മസ്ഥലമായ TARA യിലേക്ക് പോകാനുറയ്ക്കുന്നസ്കാർ ലെറ്റിന്റെ ദൃശ്യത്തോടെയാണ് സിനിമ അവസാനിക്കുന്നത്.

വർഷങ്ങൾക്കു ശേഷവും സിനിമാസ്വാദകരെ വല്ലാതെ ആകർഷിക്കുന്ന

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca



നിരവധി സവിശേഷതകളുള്ള സിനിമ യാണിത്. സൂക്ഷ്മവും കൃത്യവുമാണ് ഇതിന്റ തിരക്കഥ. മൂന്നര മണിക്കൂറോളം നീളമുള്ള ഈ സിനിമയിൽ അനാവശ്യ മെന്നോ ഒഴിവാക്കാവുന്നതെന്നോ തോന്നുന്ന ഒരു നിമിഷം പോലും നമുക്ക് കാണാനാവില്ല.

ചടുലവും ക്രമമായി കോർത്തിണ ക്കിയവയാണ് ഓരോ സ്വീക്വൻസും. അപാരമായ ദൃശ്യഭംഗി നൽകുന്ന വയാണ് ഓരോ സീനുകളും. മുഖ്യ കഥാപാത്രങ്ങൾക്കൊപ്പമോ അതിലും മേലെയോ ശ്രദ്ധേയമാണ് ഹാരാ കുടും ബത്തിന്റെ പരിചാരികയായ മമ്മി എന്ന കഥാപാത്രം. മമ്മിയെ അവതരിപ്പിച്ച 'ഹാറ്റി മക്ഡാനിയേൽ' അക്കാഡമി അവാർഡ് (സഹനടി) നേടുന്ന ആദ്യത്തെ ആഫ്രിക്കൻ അമേരിക്കൻ താരമാണ്. പത്ത് അക്കാഡമി അവാർഡുകൾ നേടി ഈ സിനിമ. പ്രതിഭാധനനായ ഒരു സംവിധായന്റെ സാന്നിദ്ധ്യം ചിത്രത്തിലുടനീളം അനുഭവിക്കാൻ കഴിയും.

ആഭ്യന്തരയുദ്ധത്തിന്റെ കെടുതിയിൽ പെട്ട, പരുത്തി തോട്ടങ്ങളുടെ ഈറ്റില്ല മായിരുന്ന ദക്ഷിണ സംസ്ഥാനങ്ങ ളുടെ സാമൂഹ്യ ചരിത്രത്തെയാകെ തുടച്ചുനീക്കിയ ചരിത്ര സന്ദർഭത്തി ന്റെ തീഷ്ണമായ ചിത്രീകരണമാണ് ഈ സിനിമ - the civilization GONE WITH THE WIND. ●



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

# യാത്രയിൽ കണ്ടൊരു സംവിധായകൻ പോലെ വിക്ടർ ഫ്ളെമിംഗ്



ലീലാമ്മ തോമസ്
(ഫിൽക്ക)



ആഫ്രിക്കൻ പാതകളിലൂടെ സഞ്ചരിക്കുമ്പോൾ ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. ചില മനുഷ്യർ വഴികൾ മുറിച്ചുകടക്കുന്നു, ചിലർ വഴികൾ തന്നെ ഉണ്ടാക്കുന്നു. സിനിമയുടെ വഴികൾ തന്നെ രൂപപ്പെടുത്തിയ ഒരാളായി എനിക്ക് എപ്പോഴും തോന്നിയിട്ടുണ്ട്.
വിക്ടർ ഫ്ളെമിംഗ്.

"Gone with the Wind" വീണ്ടും കണ്ട ഒരു രാത്രിയിൽ, എന്റെ മനസ്സിൽ അദ്ദേഹം ഒരു സംവിധായകൻ മാത്രമല്ല, ഒരു ദീർഘയാത്രയിൽ കഴിയുന്ന സഹയാത്രക്കാരനായി മാറി.

യന്ത്രങ്ങളുടെ ശബ്ദത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ ജീവിതയാത്ര തുടങ്ങുന്നത്. ഒരു കാലത്ത് അദ്ദേഹം ഒരു ഓട്ടോ മൊബൈൽ മെക്കാനിക് ആയിരുന്നു. പിന്നീട് റേസ്കാർ ഓടിച്ച് വേഗത്തിന്റെയും അപകടത്തിന്റെയും അതിരുകൾ പരീക്ഷിച്ച ഒരാൾ. അങ്ങനെയൊരു മനുഷ്യൻ ക്യാമറ കൈയിലെടുത്തപ്പോൾ,അത് യന്ത്രമല്ല മനുഷ്യഹൃദയം വായിക്കുന്ന ഒരു കണ്ണായി മാറുകയായിരുന്നു. വേഗവും അപകടവും പഠിപ്പിച്ച ജീവിതം, പിന്നീട് സിനിമയിൽ വികാരങ്ങളുടെ താളമാക്കി മാറ്റാൻ അദ്ദേഹത്തിന് സാധിച്ചു.

D. W. ഗ്രിഫിത്തിന്റെ സെറ്റുകളിലാണ് സിനിമയുടെ ആന്തരിക വ്യാകരണം അദ്ദേഹം പഠിച്ചത് ക്യാമറ എവിടെ നിൽക്കണം, നിശ്ശബ്ദത എവിടെ സംസാരിക്കണം, വെളിച്ചം എവിടെ പ്രാർത്ഥിക്കണം. ക്യാമറാമാനായി തുടങ്ങിയ യാത്ര, പതിയെ സംവിധായകന്റെ കസേരയിലേക്ക് നീങ്ങുമ്പോൾ, കഥ പറയുന്ന ശൈലിയും മാറി.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca




അദ്ദേഹം കഥ പറയുന്നില്ലായിരുന്നു നമ്മെ അതിന്റെ വഴിയിലേക്ക് ഇറക്കി വിടുകയായിരുന്നു.

1939 എന്ന വർഷം...സിനിമാ ചരിത്ര ത്തിലെ ഒരു അത്ഭുതമുറ്റം. ഒരുവശത്ത് യുദ്ധത്തിന്റെ പുകമറയും കണ്ണീരുകളും നിറഞ്ഞ "Gone with the Wind', മറ്റു വശത്ത് നിറങ്ങളാൽ നിറഞ്ഞ സ്വപ്ന ലോകമായ "The Wizard of Oz'. രണ്ടു വ്യത്യസ്ത ലോകങ്ങൾ, എന്നാൽ രണ്ടിലും കേന്ദ്രത്തിൽ ഒരേ മനുഷ്യൻ പ്രണയത്തോടെ, ഭയത്തോടെ, പ്രതീക്ഷ യോടെ ജീവിക്കുന്ന മനുഷ്യൻ.



"Gone with the Wind" , അമേരിക്കൻ ആഭ്യന്തര യുദ്ധത്തിന്റെ പശ്ചാത്തല ത്തിൽ, സ്കാർലറ്റ് ഒ'ഹാരയുടെ ശക്തിയും തകർച്ചയും ഫ്ളെമിംഗ് അതി മനോഹര മായ മനുഷ്യസഹജതയോടെ വരച്ചു.

യുദ്ധദൃശ്യങ്ങൾ വലിയ കാൻവാസിൽ വിരിയുമ്പോഴും, അദ്ദേഹം വിട്ടുകള യാത്തത് മനുഷ്യന്റെ ഉള്ളിലെ സൂക്ഷ്മചലനങ്ങളായിരുന്നു പ്രണയ ത്തിന്റെ അഹങ്കാരം, നഷ്ടത്തിന്റെ നിശ്ശബ്ദമായ വിലാപം, നില നിൽപ്പിന്റെ കഠിനമായ പിടിവാശി. അതു കൊണ്ടാവാം, ആ സിനിമ ഒരു ചരിത്ര കഥയായി മാത്രമല്ല, ഒരു മനുഷ്യകഥ യായി ഇന്നും ജീവിക്കുന്നത്.




അതേ വർഷം തന്നെയാണ് "The Wizard of Oz' എന്ന സ്വപ്നയാത്രയും. കറുപ്പും വെളുപ്പും നിറഞ്ഞ യാഥാർത്ഥ്യത്തിൽ നിന്ന് നിറങ്ങളാൽ പുഷ്പിക്കുന്ന



January Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VII

ലോകത്തിലേക്ക് കടക്കുന്ന ദൃശ്യ പരിവർത്തനം അത് സിനിമാ ഭാഷയിൽ എഴുതപ്പെട്ട ഒരു കവിത പോലെയായിരുന്നു. കുട്ടികളുടെ കഥ പോലെ തോന്നുമ്പോഴും, വീട്ടിലേക്കുള്ള മടങ്ങി വരവിന്റെ ആത്മീയത അവിടെ നിശ്ശബ്ദമായി ഒഴുകിക്കൊണ്ടിരിക്കുന്നു. ഫ്ളെമിംഗ്




ഇവിടെ തെളിയിച്ചത്, ഫാന്റസിയിലും മനുഷ്യഹൃദയത്തിന് അപരിചിതമല്ലാത്ത ഒരു വീട് ഉണ്ടെന്ന സത്യമാണ്.

ഇതിനു പുറമെ,"Captains Courageous", 'Treasure Island", "Red Dust", 'Test Pilot" തുടങ്ങിയ സിനിമകളിലും






അദ്ദേഹം തിരഞ്ഞത് ഒരേ വിഷയം തന്നെ ധൈര്യം, ബന്ധങ്ങൾ, ആത്മ സംഘർഷങ്ങൾ. കടലിലും കാട്ടിലും യുദ്ധഭൂമിയിലും, അദ്ദേഹത്തിന് ഏറ്റവും താൽപ്പര്യം ഉണ്ടായിരുന്നത് മനുഷ്യന്റെ ഉള്ളിലെ പോരാട്ടങ്ങളോടായിരുന്നു.



ഫ്ളെമിംഗിന്റെ സംവിധാനശൈലി വലിയ ശബ്ദമുള്ളതായിരുന്നില്ല. പക്ഷേ അതിന് വലിയ ആഴമുണ്ടായിരുന്നു. പ്രകൃതിയും വെളിച്ചവും നിശ്ശബ്ദത പോലും അവിടെ കഥാപാത്രങ്ങളായി മാറുന്നു. അദ്ദേഹം അഭിനേതാക്കളോട് കർശനനായിരുന്നെങ്കിലും, അവരിൽ നിന്നു പുറത്തെടുത്ത വികാരങ്ങൾ




അസാധാരണമായ സത്യസന്ധതയോടെ പ്രേക്ഷകന്റെ ഹൃദയത്തിലെത്തുകയായിരുന്നു. അതുകൊണ്ടാവാം, സിനിമ തീർന്നിട്ടും അവിടത്തെ മനുഷ്യർ നമ്മോടൊപ്പം കുറച്ച് ദൂരം കൂടി നടക്കുന്നത്. “Gone with the Wind”നു ലഭിച്ച പത്ത് ഓസ്കാർ



അവാർഡുകളും, മികച്ച സംവിധായകനുള്ള അംഗീകാരവും,ഹോളിവുഡ് വാക്ക് ഓഫ് ഫെയിമിലെ സ്ഥാനവും ഇവയെല്ലാം ചരിത്രരേഖകൾ മാത്രം. പക്ഷേ യഥാർത്ഥ പൈതൃകം മറ്റൊന്നാണ്: സിനിമയെ വെറും വിനോദമല്ല, മനുഷ്യ ജീവിതത്തിന്റെ ദീർഘയാത്രയായി മാറ്റിയ ഒരാളെന്ന ഓർമ്മ. 1949-ൽ അദ്ദേഹം ഈ ലോകത്തോട് വിട പറഞ്ഞു. പക്ഷേ ക്യാമറയിലൂടെ മനുഷ്യനെ തേടിയ ആ യാത്ര ഇന്നും അവസാനിച്ചിട്ടില്ല.




ഓരോ പ്രാവശ്യം ’Gone with the Wind” കാണുമ്പോഴും, ഓരോ പ്രാവശ്യം ’Wizard of Oz” ലെ നിറങ്ങളിലേക്ക് കടക്കുമ്പോഴും, ഫ്ളെമിംഗ് നമ്മെ വീണ്ടും വഴിയിലിറക്കി വിടുന്നു.

ചില യാത്രകൾ നമ്മെ സ്ഥലങ്ങളിൽ എത്തിക്കും.

ചില യാത്രകൾ നമ്മെ നമ്മളിലേക്കാണ് എത്തിക്കുന്നത്.

വിക്ടർ ഫ്ളെമിംഗിന്റെ സിനിമകൾ അങ്ങനെയൊരു യാത്ര തന്നെയാണ് നിശ്ശബ്ദമായി മനുഷ്യനെ തേടി നടക്കുന്ന ഒരു സംവിധായകന്റെ ദീർഘസഞ്ചാരം.



January Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VII

# മാർഗരറ്റ് മിച്ചൽ : കാറ്റിനാൽ ലോകമറിഞ്ഞവൾ




നിമിഷ ഹെലൻ
( ഫിൽക്ക )




അമേരിക്കൻ ചരിത്ര നോവലിസ്റ്റും പത്രപ്രവർത്തകയുമായ മാർഗരറ്റ് മിച്ചൽ **Gone with the Wind** (1936)എന്ന ഏക നോവൽ കൊണ്ടു ലോകപ്രശസ്ത യായ വ്യക്തിയാണ്. 1936-നും 1937-നും അമേരിക്കയിലെ ബെസ്റ്റ്-സെല്ലർ നോവലായി മാറിയ ആ കൃതിക്ക് 1937-ൽ ഫിക്ഷൻ വിഭാഗത്തിൽ പുലിറ്റ്സർ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

1900 നവംബർ 8-ന് അറ്റ്ലാന്റ, ജോർജി യയിൽ പിതാവ് ഏർൽ ബ്രേവാർഡ് മിച്ചലിന്റെയും മാതാവ് മേബേൽ സ്റ്റീഫൻസ് മിച്ചലിന്റെയും മകളായി ജനിച്ചു. അറ്റ്ലാന്റയിലെ വാഷിംഗ്ടൺ സെമിനാരിയിലും മാസ്സാച്യുസെറ്റ്സി ലെ സ്മിത്ത് കോളേജിലും പഠനം നടത്തി. മുപ്പത് വയസ്സുമുതൽ എഴുത്ത് ആരംഭിച്ച **Gone with the Wind** എന്ന നോവൽ 10 വർഷം എടുത്ത് എഴുതി പൂർത്തിയാക്കി 1936-ൽ പ്രസിദ്ധീകരിച്ചു. അത് ലോകവ്യാപക വിജയമാവുകയും ചെയ്തു.

1922 മുതൽ അവർ The Atlanta Journal Sunday Magazine-ൽ ജേർണലിസ്റ്റായി ജോലി തുടങ്ങി. നാല് വർഷത്തെ ജേർണലിസ്റ്റ് ജീവിതത്തിൽ മിച്ചൽ 129 ഫീച്ചർ ലേഖനങ്ങളും 85 വാർത്താ കഥകളും നിരവധി പുസ്തക അവലോക നങ്ങളും എഴുതി. കുറച്ച് മാസങ്ങൾ The Atlanta Journal- se Sunday Magazine -ൽ ഗോസിപ്പ് കോളവും എഴുതി.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca



രണ്ടാം ലോകമഹായുദ്ധകാലത്ത് മിച്ചൽ അമേരിക്കൻ റെഡ് ക്രോസ് സൊസൈറ്റി യിൽ സന്നദ്ധ സേവനം നൽകി.

The Arrow Brave and the Deer Maiden (1913) കൗമാരകാലത്ത് എഴുതിയതാണ്. Lost Laysen - മരണാനന്തരം 1996-ൽ പ്രസിദ്ധീകരിച്ചു.



Margaret Mitchell: Reporter (2000) എന്നത് പത്രക്കുറിപ്പുകളുടെ സമാഹാരമാണ്. Before Scarlett: Girlhood Writings of Margaret Mitchell (2000) ബാല്യകാല എഴുത്തുകളുടെ സമാഹാരമാണ്.

1922-ൽ മിച്ചൽ കിന്നാർഡ് അപ്ഷോയെ വിവാഹം ചെയ്തെങ്കിലും ഇരുവരും വേർപിരിയുകയും 1925-ൽ ജോൺ റോബർട്ട് മാർഷിനെ രണ്ടാം വിവാഹം കഴിക്കുകയും ചെയ്തു. 1949 ഓഗസ്റ്റ്




16-ന് അറ്റ്ലാന്റയിൽ ഉണ്ടായ വാഹനാപകടത്തെ തുടർന്ന് അവർ അന്തരിച്ചു. രണ്ടാം ഭർത്താവിനൊപ്പം അവർ താമസിച്ച അറ്റ്ലാന്റയിലെ ക്രസന്റ് അപ്പാർട്ട്മെന്റ്സിലെ ദ ഡമ്പ് ഇന്ന് Margaret Mitchell House and Museum എന്നറിയപ്പെടുന്നു.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

# മദർ (1926)



**വിനോദ് കുമാർ. പി,**
(ഫിൽക്ക)




വിശ്വസാഹിത്യകാരൻ മാക്സിം ഗോർക്കിയുടെ ക്ലാസ്സിക് നോവലിനെ ആസ്പദമാക്കി അതേ പേരിൽ തന്നെ വെസെവോലോഡ് പുഡോവ്കിന്റെ സംവിധാനത്തിൽ 1926 ൽ റിലീസ് ചെയ്ത നിശ്ശബ്ദ ചിത്രമാണ് 'ദി മദർ'.

റഷ്യൻ വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ, തന്റെ വിപ്ലവകാരിയായ മകനെ കർശനവും അചഞ്ചലവുമായ ഒരു ശൈലിയിലൂടെ സംരക്ഷിക്കാനുള്ള ഒരു അമ്മയുടെ ആഗ്രഹവും അതിന്റെ അനന്തരഫലവുമാണ് ഈ ചിത്രത്തിന്റെ പ്രമേയം.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ റഷ്യയിലാണ് കഥ നടക്കുന്നത്. വ്ലാസോവ് ഒരു ഫാക്ടറിയിൽ പ്ലമ്പിങ് തൊഴിലാളിയാണ്. മദ്യപാനിയും ക്രൂരനുമായ അയാൾ ഭാര്യ പെലഗേയയ്ക്കും അവരുടെ മകൻ പവലിനോടൊപ്പവുമാണ് താമസിക്കുന്നത്.

ഒരിക്കൽ കുടുംബ വീടിന്റെ തറയിൽ പ്രാദേശിക വിപ്ലവ സോഷ്യലിസ്റ്റുകൾക്കായി ഒരു ചെറിയ തോക്ക്ശേഖരം ഒളിപ്പിക്കാൻ പവലിനു വഴങ്ങേണ്ടി വരുന്നു. അമ്മ പെലഗേയ പവലിന്റെ ഈ പ്രവർത്തികളെല്ലാം രഹസ്യമായി നിരീക്ഷിക്കുന്നു.

ഇതിനിടയിൽ വ്ലാസോവിനെ, 'ബ്ലാക്ക് ഹഡ്' എന്ന വിപ്ലവ ഗ്രൂപ്പ് വോഡ്ക കൊടുത്ത് സ്വാധീനിക്കുകയും ഫാക്ടറിയിൽ ആസൂത്രിതമായി നടത്തുന്ന തൊഴിലാളി പണിമുടക്കിന്റെ കാരണക്കാർക്കെതിരെ അയാളെ ഉപയോഗിക്കാൻ പദ്ധതിയിടുകയും ചെയ്യുന്നു. എന്നാൽ പണിമുടക്ക് പരാജയപ്പെടുകയും കലാപത്തിനിടെ വ്ലാസോവ് കൊല്ലപ്പെടുകയും ചെയ്യുന്നു. ഈ സംഭവത്തിൽ തകർന്നു പോയ



വെസെവോലോഡ് പുഡോവ്കിൻ

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII



പെലഗേയ കേസ് മുന്നോട്ട് കൊണ്ടു പോകുന്നതിന് സാറിസ്റ്റ് പോലീസുമായും സൈന്യവുമായും സഹകരിക്കാൻ മകനോട് അപേക്ഷിക്കുന്നു. എന്നാൽ പവൽ അത് വിസമ്മതിക്കുന്നു.

തുടർന്ന് നിരാശയായ പെലഗേയ മകനെയെങ്കിലും ഈ കുഴപ്പങ്ങളിൽ നിന്നും രക്ഷപ്പെടുത്താൻ ആഗ്രഹിക്കുന്നു. തുടർന്ന് ഒളിപ്പിച്ചു വച്ചിരിക്കുന്ന ആയുധശേഖരം അധികാരികൾക്ക് മുന്നിൽ നിഷ്കളങ്കമായി വെളിപ്പെടുത്തുന്നു.

പവൽ അറസ്റ്റിലാവുകയും രാജ്യദ്രോഹക്കുറ്റത്തിന് വിചാരണ ചെയ്യപ്പെടുകയും തുടർന്ന് ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്യുന്നു.

മെയ് ദിന പ്രതിഷേധത്തിനിടെ ജയിൽ ചാട്ടം നടത്താൻ ചില വിപ്ലവകാരികൾ പദ്ധതിയിടുന്നു.തുടർന്ന് അവർ കാവൽക്കാരെ കീഴടക്കി ജയിലിൽ നിന്ന് രക്ഷപ്പെടുന്നു. ഇതിനിടെ പവലിനും രക്ഷപെടാൻ സാധിക്കുന്നു.

പവലും അമ്മയും വീണ്ടും കണ്ടുമുട്ടുന്നു. മകൻ ജനകീയ വിപ്ലവത്തിന് സമർപ്പിതനാവുകയാണ് എന്ന വസ്തുത അമ്മ മനസിലാക്കി സന്തോഷിക്കുന്നു.

എന്നാൽ ജയിൽ ചാടിയ തടവുകാരെ പിന്തുടർന്നെത്തിയ സാറിസ്റ്റ് സൈന്യം പവലിനെ അയാളുടെ അമ്മയുടെ മുന്നിൽ വെച്ച് വെടിവച്ചു കൊല്ലുന്നു.

അത്യന്തം ദുഃഖിതയായ പെലഗേയ സോഷ്യലിസ്റ്റ് പതാക ഉയർത്തിപ്പിടിച്ച്, ധിക്കാരിയായ ഒരു പതാക വാഹകയായി മാറുകയും മുന്നോട്ടു വരുന്ന ഒരു കുതിരപ്പടയുടെ ആക്രമണത്തിന്റെ കുളമ്പടിയിൽ ചവിട്ടിമെതിക്കപ്പെട്ട് മരണപ്പെടുകയും ചെയ്യുന്നു.

നോവലിനോട് പൂർണമായും നീതി പുലർത്തുന്ന ഈ ചലച്ചിത്രാവിഷ്കാരത്തിലെ, ചിത്രീകരണവും അഭിനേതാക്കളുടെ പ്രകടനവും എഡിറ്റിങ്ങും ഒക്കെ എടുത്തു പറയേണ്ടതാണ്.

1958-ലെ വേൾഡ് എക്സ്പോയിൽ ബ്രസൽസ് 12- ലെ പ്രശസ്തമായ പട്ടികയിൽ എട്ടാം സ്ഥാനത്തേക്ക് ഈ ചിത്രം തിരഞ്ഞെടുക്കപ്പെട്ടു.

റഷ്യൻ വിപ്ലവ സാഹിത്യത്തിലെ അടിസ്ഥാന കൃതി എന്ന് ഗോർക്കിയുടെ ദി മദറിനെ വിശേഷിപ്പിക്കാം. 1905-ലെ പരാജയപ്പെട്ട വിപ്ലവത്തിനു ശേഷം, തൊഴിലാളിവർഗ പോരാട്ട



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

ത്തിന്റെ ശക്തമായ പ്രതീകമായും പ്രതിരോധ പ്രവർത്തനത്തിലേക്കുള്ള ആഹ്വാനമായും ഈ നോവലിനെ നിരൂപകർ വിലയിരുത്തുന്നു.

വിപ്ലവകാരികൾക്ക് ആവേശം പകരുന്ന വെറുമൊരു നോവൽ അല്ല ഗോർക്കിയുടെ ദി മദർ. അജ്ഞതയും വെറുപ്പും കൂടിച്ചേർന്ന് മലിനമായി ആത്മാവ് നഷ്ടപ്പെട്ട മനുഷ്യനെ വീണ്ടും തേജസ്സുള്ള മനുഷ്യനാക്കാനുള്ള വിപ്ലവം ഒരുക്കുകയാണ് ദി മദർ എന്ന ഈ നോവലിൽ.

ഒരു വ്യക്തിയുടെ ജീവിതവും അയാൾക്ക് സമൂഹവുമായുള്ള ബന്ധവും നിരവധി കഥാപാത്രങ്ങളിലൂടെ അതിസമർഥമായി കോറിയിടുന്നത് കൂടാതെ മോഹങ്ങളും മോഹഭംഗങ്ങളും വിശപ്പും വേദനയും പ്രണയവും വെറുപ്പും മരണവും ആവേശവുമെല്ലാം ഹൃദയസ്പർശിയായി അവതരിപ്പിച്ചിരിക്കുന്നത് കൊണ്ടു തന്നെയാണ് ഈ സൃഷ്ടിയെ കാലാനുവർത്തിയാക്കുന്നതും.

ചലിക്കുന്ന ചിത്രം എന്ന രീതിയിൽ സിനിമാ ദൃശ്യങ്ങൾ പ്രദർശിപ്പിച്ചിരുന്ന ആദ്യഘട്ടത്തിൽ, ഒരു കഥാരൂപമായും കലാരൂപമായും നിശബ്ദ സിനിമ മെല്ലെ വളരുന്ന വികാസഘട്ടത്തിൽ, അമേരിക്കയിൽ ഗ്രിഫിത്തും ചാപ്ലിനും ഒപ്പം തന്നെ യു. എസ്. എസ്. ആറിലും പരീക്ഷണങ്ങൾ നടന്നു. ലേവ് കുലേഷോവിന്റെ നിരീക്ഷണങ്ങളും കണ്ടെത്തലുകളും ചലച്ചിത്ര വ്യാകരണത്തിന് നാന്ദിയായി. ഐസൻസ്റ്റീൻ, വെർത്തോവ്, ഡോവിഷെങ്കോ എന്നിങ്ങനെ റഷ്യൻ ഫിലിം മാസ്റ്റേഴ്സ് ഉയർന്നു വന്നു. അവരിൽ പ്രമുഖ സംവിധായകനാണ് പുഡോവ്കിൻ. ദൃശ്യങ്ങൾ സൂപ്പർ ഇംപോസ് ചെയ്തു കൊണ്ടുള്ള റഷ്യൻ മൊണ്ടാഷ് രീതി മദർ എന്ന സിനിമയിൽ കാണാം. ലോക സിനിമയുടെ ചരിത്രവും ചലച്ചിത്ര വ്യാകരണവും പഠിക്കുന്ന ചലച്ചിത്ര വിദ്യാർഥികളുടെ ബാലപാഠത്തിൽ ഈ സിനിമയും ഉൾപ്പെടുന്നു .



January Film Festival

ഫിലിം വിഷൻ


Digital Magazine Published by Filca Film Society

World Literature & World Cinema Part-VII

# ഇടതുവഴിയിൽ ശരിയായ വശത്ത്: മാക്സിം ഗോർക്കി



**സാബു ശങ്കർ**
(നോവലിസ്റ്റ്, ഫിലിം റൈറ്റർ , സംവിധായകൻ)




**അലക്സി മാക്സിമോവിച് പെഷ്ക്കൊവ്**
( 1868 - 1936 ).

ബാല്യത്തിൽ അനാഥൻ . ദാരിദ്ര്യം . കയ്പ്പ് നിറഞ്ഞ ജീവിതം . റഷ്യൻ ഭാഷയിൽ ഗോർക്കി എന്നാൽ കയ്പ്പ് എന്നും അർത്ഥമുണ്ട് . പന്ത്രണ്ടാം വയസ്സിൽ നാടുവിട്ടു. പല വഴിയേ ഒറ്റയ്ക്ക് സഞ്ചരിച്ചു. ദൂരദൂരങ്ങൾ താണ്ടി. പാത്രം കഴുകിയും ചുമട് ചുമന്നും ജീവിതത്തെ നേരിട്ടു. നാടുകളും അവസ്ഥകളും കണ്ടു. മനുഷ്യജീവി എന്നതിൽ നിന്നും മനുഷ്യനായി വളർന്നു . മനുഷ്യൻ മനുഷ്യനെ തിരിച്ചറിഞ്ഞു . കണ്ടും കേട്ടും ഇടപെട്ടും വായിച്ചും വിവേകവും വിജ്ഞാനവും ആർജ്ജിച്ചു . ചരിത്രപാതയിൽ മനുഷ്യസ്നേഹിയായി . ത്യാഗത്തിന്റെ വിലയറിഞ്ഞു. മാനവികത പഠിച്ചു. പ്രതികരിച്ചു. അക്ഷരങ്ങളിൽ പുനർജനിച്ചു. വിശ്വ വിഖ്യാതനായി . സാഹിത്യത്തിനുള്ള നോബൽ സമ്മാനം വരെ നിർദ്ദേശിക്കപ്പെട്ടു . അതാണ് പലരും അറിയാതെ പോകുന്ന മാക്സിം ഗോർക്കി .

പ്രധാന കൃതികൾ - ഇംഗ്ലീഷ് ശീർഷകങ്ങൾ :
**ലോവർ ഡെപ്ത്സ് ( 1902 ), മദർ ( 1906 ),**
**മൈ ചൈൽഡ് ഹുഡ് ( 1915 ),**
**ഇൻ ദി വേൾഡ് ( 1916 ),**
**മൈ യൂണിവേഴ്സിറ്റീസ് ( 1923 ),**
**അർമോനോവ് ബിസിനസ് ( 1925 ),**
**ദി ലൈഫ് ഓഫ് ക്ലിം സാംഗിൻ ( 1927 - 1936 ).**

അലക്സാണ്ടർ രണ്ടാമൻ സാർ ചക്രവർത്തിയുടെ കാലത്താണ് ജനിച്ചതെങ്കിൽ മരണം സോവിയറ്റ് യൂണിയന്റെ ഛത്രപതി ജോസഫ് സ്റ്റാലിന്റെ കാലത്ത്. രണ്ടറ്റവും പ്രയാസകരമായ അനുഭവങ്ങളുടെ നെരിപ്പോടുകൾ. ഇതിനിടയിലെ ജീവിതം ചരിത്രപ്രധാനവും .



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

തത്വശാസ്ത്രങ്ങളും ശാസ്ത്ര സാങ്കേതിക വികസനവും വ്യവസായ ഉൽപ്പാദനവും പൊട്ടിക്കിളുർത്ത വസന്തരാശിയുടെ ഇടക്കാലം . വിപ്ലവങ്ങളും മഹായുദ്ധവും സ്വപ്നനന്മകളും അധികാരതിന്മകളും ഹിംസയും ഊതിയൂതി ജ്വലിപ്പിച്ച അഗ്നി ശലാകകൾക്കിടയിലൂടെ നടന്നു .

സ്വന്തമായൊരു ജീവചരിത്രം പോലും ഇല്ലാത്തൊരാളുടെ രചനകൾ അക്കാലത്ത് ലോകത്ത് പല ഭാഷകളിൽ വിറ്റഴിഞ്ഞത് പതിനായിരക്കണക്കിന് കോപ്പികൾ ! അതാണ് മാക്സിം ഗോർക്കി . ഇടതു വഴിയിൽ ശരിയായ വശത്ത് നിലയുറപ്പിച്ചൊരാൾ. ഭൂരിഭാഗത്തിനും ദിക്ക് തെറ്റുമ്പോൾ ദിക്കറിയാൻ ആത്മാവിൽ മന്ത്രമുള്ളൊരാൾ .

അധ്വാനിക്കുന്ന ജനതയുടെ ജീവിതത്തിന്റെ തീഷ്ണതകളിലേക്ക് കണ്ണോടിച്ച്, സോഷ്യലിസ്റ്റ് റിയലിസം എന്ന സാഹിത്യ ദർശനം വിശ്വസാഹിത്യത്തിൽ വെളിച്ചപ്പെടുത്തിയ 1910-1930 കളിൽ, പ്രത്യയ



ശാസ്ത്രം തിരിഞ്ഞും മറിഞ്ഞും സഞ്ചരിച്ചു. അത്യന്തം രക്തരൂക്ഷിത രാഷ്ട്രീയ സങ്കീർണ്ണതകൾ വിളഞ്ഞ കാലം. യഥാർത്ഥ മനുഷ്യൻ , മാനവികതയുള്ള സ്വതന്ത്ര മനുഷ്യൻ എവിടെ നിൽക്കണം ? , ഏതു ദിക്കിൽ മുന്നേറണം ? എന്ന് ചിന്തിപ്പിച്ച മാക്സിം ഗോർക്കി ലെനിനോടൊപ്പം നിന്നു .

സാഹിത്യ പ്രബന്ധ പ്രഭാഷണങ്ങൾ മാത്രമല്ല , സിനിമയെ കുറിച്ച് പോലും പ്രവചിച്ചു. ലോകത്ത് ആദ്യമായി സിനിമയെ ദേശസാത്കരിച്ചത് ലെനിന്റെ കാലത്താണ്. വിശ്വ സംവിധായകരെയാണ് അക്കാലത്തെ റഷ്യൻ സിനിമ ചരിത്രത്തിൽ പ്രതിഷ്ഠിച്ചത് .


പിന്നെ സ്റ്റാലിന്റെ കാലത്തും സ്വന്തമായ നിലപാടിൽ ഉറച്ചുനിന്നു. മനുഷ്യന് വേണ്ടി , മനുഷ്യനീതിക്ക് വേണ്ടി , ഇടതുവഴിയിൽ തെറ്റായ വശത്ത് കൂടി സഞ്ചരിക്കാൻ ഗോർക്കി സന്നദ്ധനായിരുന്നില്ല. ഗ്ലാസ്



നോസ്ത്തിനു മുൻപ് , 1985 വരെയുള്ള കാലത്ത്, ജീവനോടെ കുഴിച്ചുമൂടിയ കൃതികളിൽ ചരിത്ര യാഥാർഥ്യങ്ങളുണ്ട്. വൈരുധ്യങ്ങൾ ഏറെയുണ്ട്. ജനകീയതയും അധികാര വൈകൃതവും തമ്മിലുള്ള സംഘർഷമുണ്ട് . മാനവിക രാഷ്ട്രീയ തത്വശാസ്ത്രങ്ങളും ജീവിതവും സൂര്യനെ പോലെ ഉയർന്നു നിൽക്കണമെങ്കിൽ ചില പർവ്വതങ്ങൾ ഇടിച്ചുനിരത്തപ്പെടണം. അതു തന്നെയായിരുന്നു ഒക്ടോബർ വിപ്ലവവും .

മാക്സിം ഗോർക്കിയുടെ 'അമ്മ ' എന്ന നോവൽ അക്കാലത്ത്, 1917 നു മുൻപ് വലിയൊരു ധാർമ്മിക ഊർജ്ജം റഷ്യൻ

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII



ജനതയ്ക്ക് നൽകി . അധികാരത്തിന്റെ തമോഗുണമേറുന്ന കാലത്ത് മനുഷ്യനീതിക്കും നന്മയ്ക്കും ജനകീയ സാംസ്കാരിക അന്തസ്സിനും വേണ്ടി നിലകൊള്ളുന്ന യഥാർത്ഥ കലാകാരൻ വിപ്ലവകാരിയായെന്നു വരും. 'അമ്മ ' എന്ന കഥാപാത്രത്തിലൂടെ, സ്ത്രീശക്തിയെ ചരിത്രശക്തിയായും സാമൂഹിക ശക്തിയായും ഗോർക്കി സാഹിത്യത്തിൽ രൂപാന്തരപ്പെടുത്തുന്നു. ആ മനുഷ്യ ശബ്ദം പ്രതിധ്വനിക്കുന്നു : മല പോലെ നിൽക്കുന്നു ഞങ്ങൾ, തിര പോലെ വരിക നിങ്ങൾ.

ഇടതുവഴിയുടെ ശരിയായ വശത്ത് മാത്രമാണ് നേരും നെറിവും ഉള്ളതെന്ന് മാക്സിം ഗോർക്കി തന്റെ കൃതികളിലൂടെ അക്കാലത്ത് വ്യക്തമാക്കുന്നുണ്ട് . അധികാര ദുഷ്കൃതരെ വിനാശം ചെയ്ത് , മാനുഷിക സാമൂഹിക പരിത്രാണത്തിനായി, പുതിയൊരു അധികാര നേതൃശ്രേണി സംസ്ഥാപനം ചെയ്യപ്പെടുമ്പോൾ, കുറച്ചു കാലം കഴിഞ്ഞ്, അതും മറ്റൊരു അധികാര ദുഷ്കൃതരായി മാറിമറിയുമ്പോൾ, ഇടത് വഴിയിൽ ശരിയായ വശത്ത് നിൽക്കാൻ ഒരോർമ്മക്കുറിപ്പ് കൂടിയാണ് ഗോർക്കിയുടെ രചനകൾ. സൂക്ഷ്മതലങ്ങളിൽ, ബോധത്തിൽ, വിപ്ലവം ഒരിക്കലും അവസാനിക്കുന്നില്ല. അത് പ്രകൃതിയുടെ ചലന നിയമമാണ്. രഹസ്യമായൊരു ശുദ്ധീകരണ പാഠം .

സ്റ്റാലിന്റെ കാലത്ത് റഷ്യയിലേക്ക് തിരിച്ചു വന്ന മാക്സിം ഗോർക്കി ദുരൂഹ സാഹചര്യത്തിൽ 1936 – ൽ അന്തരിച്ചു. അദ്ദേഹം വഴിയൊരുക്കിയ സോഷ്യലിസ്റ്റ് റിയലിസം, കലയുടെ സൗന്ദര്യശാസ്ത്രത്തിൽ ഒരു കാലഘട്ടത്തിൽ നവീനതയായിരുന്നു. അത് ഹിന്ദിയിൽ പ്രേം ചന്ദിലൂടെ, കേരളത്തിൽ പോലും അലയടിച്ചു. തകഴി, കേശവദേവ് , പൊറ്റെക്കാട് , ഉറൂബ് തുടങ്ങിയവർ ഉൾപ്പെടുന്ന , 1940– 50 കളിലെ മലയാള നവോത്ഥാന സാഹിത്യധാരയ്ക്കും പുരോഗമന പ്രസ്ഥാനത്തിനും ചാലുകീറി . സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പ്രധാന കേന്ദ്രീകരണം തൊഴിലാളിവർഗ ജീവിതത്തിന്റെ മനുഷ്യനന്മയും സാമൂഹിക അവസ്ഥയും വൈരുധ്യങ്ങളും ശക്തമായി ചിത്രീകരിക്കുന്നതിലാണ് .

സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് അഞ്ച് തവണ മാക്സിം ഗോർക്കിയുടെ പേര് നാമനിർദ്ദേശം ചെയ്യപ്പെട്ടു. മാക്സിം ഗോർക്കിയുടെ ബഹുമാനാർത്ഥം അദ്ദേഹത്തിന്റെ ജന്മനാടായ നിഷ്നി നോവ്ഗൊറോഡിനെ, ഗോർക്കി എന്ന് റഷ്യൻ ജനത പുനർനാമകരണം ചെയ്തു .




January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

# മാക്സിം ഗോർക്കി- സംക്ഷിപ്ത ജീവചരിത്രം (1868-1936)




ഷാജി. എ
( ഫിൽക്ക)



പ്രതിജ്ഞാബദ്ധ സാഹിത്യത്തിന്റെയും സോഷ്യലിസ്റ്റ് റിയലിസത്തിന്റെയും അഗ്രദൂതനായിരുന്ന അലക്സി മാക്സിമോവിച്ച് പെഷ്കോവ് (മാക്സിം ഗോർക്കി) 1868 മാർച്ച് 16ന് റഷ്യയിലെ നിസ്നി നോവ്ഗൊറോഡിൽ ജനിച്ചു. ബോൾഷെവിക് പാർട്ടിയിലൂടെ രാഷ്ട്രീയ രംഗത്തെത്തി. ലെനിന്റെ പ്രിയസുഹൃത്തായിരുന്നു. ഗോർക്കി, സോവിയറ്റ് റൈറ്റേഴ്സ് യൂണിയന്റെ അധ്യക്ഷനായിരുന്നു. സോവിയറ്റ് യൂണിയനിലെ ഔദ്യോഗിക സാഹിത്യ സങ്കല്പത്തിന്റെ നടുനായകനായിരുന്നു ഗോർക്കി. എഴുത്തുകാരൻ, പത്രപ്രവർത്തകൻ, ചീഫ് എഡിറ്റർ, പ്രസാധകൻ, രാഷ്ട്രീയപ്രവർത്തകൻ, മനുഷ്യസ്നേഹി എന്നിവയെല്ലാം അദ്ദേഹത്തിന് യോജിക്കുന്ന വിശേഷണങ്ങളാണ്. ആധുനിക റഷ്യൻ സാഹിത്യ കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. നോവൽ, ചെറുകഥ, സ്കെച്ച്, യക്ഷിക്കഥ, സാങ്കൽപ്പിക കഥ, യാത്രാശാസ്ത്രം, നാടകം, ഗദ്യ കവിത, നീ കവിത, അഭിപ്രായ പത്ര പ്രവർത്തനം, എഡിറ്റോറിയൽ, ഉപന്യാസം, ആക്ഷേപഹാസ്യം, പഴഞ്ചൊല്ല്, ഓർമ്മക്കുറിപ്പ്, ഡയറി, തുറന്ന കത്ത്. ലേഖനം, പ്രസംഗം എന്നിങ്ങനെ സാഹിത്യത്തിന്റെ വൈവിധ്യമാർന്നമേഖലകളിൽ അദ്ദേഹത്തിന്റെ സാഹിത്യം പരന്നുകിടക്കുന്നു. നവ റൊമാന്റിസിസവും, തൊഴിലാളി വർഗ്ഗസാഹിത്യവും, സോഷ്യൽ റിയലിസവും, സോഷ്യലിസ്റ്റ് റിയലിസവും, ആധുനികതയും എല്ലാം അദ്ദേഹത്തിൽ രചനകളിൽ അലിഞ്ഞിരിക്കുന്നു. 1907ൽ ആണ് ഏറ്റവും പ്രശസ്തമായ അമ്മ എന്ന നോവൽ അദ്ദേഹം എഴുതുന്നത്. 1936 ജൂൺ 18ന് , സോവിയറ്റ് യൂണിയനിലെഗോർക്കി-10, മോസ്കോ ഒബ്ലാസ്റ്റിൽ എന്നിടത്ത് ന്യുമോണിയരോഗം ബാധിച്ച് അദ്ദേഹം അന്തരിച്ചു.

കുഞ്ഞുനാളിൽ തന്നെ അച്ഛനും പിന്നെ അമ്മയും മരിച്ചതോടെ ഗോൾക്കി അനാഥനായി.പത്താം വയസ്സിൽ അമ്മ മരിച്ച



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

തോടെ സ്കൂൾ പഠനം ഉപേക്ഷിച്ചു. പിന്നീട് തുണ അമ്മൂമ്മയായിരുന്നു. ഔപചാരികമായ വിദ്യാഭ്യാസമൊന്നും പിന്നീട് ഗോർക്കിക്ക് ലഭിച്ചില്ല. 1880 -ൽ പന്ത്രണ്ടാം വയസ്സിൽ വീട്ടിൽ നിന്ന് ഓടിപ്പോയി. 5 വർഷക്കാലത്തേയ്ക്ക് റഷ്യൻ സാമ്രാജ്യത്തിലൂടെ കാൽനടയായി സഞ്ചരിച്ചു. ഉപജീവനത്തിന് വിവിധ തൊഴിലുകളിൽ ഏർപ്പെടാതെ നിവർത്തിയില്ലാതെ വന്നു. അതിനിടയിൽ വോൾഗാ നദിയിലൂടെ നടത്തിയ യാത്രയ്ക്കിടയിൽ അദ്ദേഹം വായിക്കാൻ പഠിച്ചു. 1883 ഒരു ബിസ്ക്കറ്റ് കമ്പനിയുടെ തൊഴിലാളിയായി ജീവിതം തുടങ്ങിയ ഗോർക്കി, പോർട്ടറായും , ബേക്കറി ഉടമയുടെ സഹായിയായും, പഴക്കച്ചവടക്കാരനായും തൊഴിലെടുത്തു. പിന്നീട് റെയിൽവേ ജീവനക്കാരനായും, ഗുമുസ്തനായും അദ്ദേഹം പരിണമിച്ചു.

രാഷ്ട്രീയ പ്രവർത്തനത്തിലും സജീവമായ ഗോർക്കി വിപ്ലവപ്രവർത്തനങ്ങളുടെ പേരിൽ അറസ്റ്റ് ചെയ്യപ്പെട്ടു. 1884 കസാൻ യൂണിവേഴ്സിറ്റിയിൽ ചേരാൻ നടത്തിയ ശ്രമം വിഫലമായപ്പോൾ നിരാശയിൽ മുങ്ങിപ്പോയി. 1887 ഡിസംബറിൽ പത്തൊമ്പതാം വയസ്സിൽ ഗോർക്കി ആത്മഹത്യയ്ക്ക് പോലും തുനിഞ്ഞു.നേരിയ വ്യത്യാ





സത്തിന് വെടിയുണ്ടയ്ക്ക് ഹൃദയം തുളയ്ക്കാൻ കഴിയാത്തത് മൂലം വീണ്ടും അദ്ദേഹം ജീവിതത്തിലേക്ക് മടങ്ങിയെത്തി.

എഴുത്തുകാരൻ നിലയിൽ ഗോർക്കിയുടെ സ്ഥാനം ഉറപ്പിച്ചത് 3 വാല്യങ്ങളിലായുള്ള ഉപന്യാസങ്ങളും കഥകളും (1898 -1899) എന്ന പുസ്തകമായിരുന്നു. അദ്ദേഹം സാഹിത്യത്തെ സൗന്ദര്യത്മക പരിശീലനമായിട്ടല്ല; ലോകത്തെ മാറ്റാൻ കഴിയുന്ന ഒരു ധാർമികവും രാഷ്ട്രീയ പ്രവൃത്തിയായിട്ടാണ് സമീപിച്ചിട്ടുള്ളത്. 1899 മുതൽ ഷിസ്ൻ എന്ന പ്രസിദ്ധീകരണത്തിന്റെ സാഹിത്യവിഭാഗം പത്രാധിപനായ മാക്സിം മാക്സിം ഗോർക്കി, 1900 മുതൽ സ്നാനി എന്ന സെന്റ്പീറ്റേഴ്സ്ബർഗ്ഗിൽ ഉള്ള പ്രസിദ്ധീകരണശാലയുടെയും പത്രാധിപരായി. 1899 പ്രസിദ്ധീകരിച്ച ഫൊമോ ഗൊർദ്യേയെവ് എന്ന ആദ്യ നോവൽ സമൂഹത്തിൽ പുതുതായി രൂപപ്പെട്ട വ്യാപാരി വർഗ്ഗത്തിന്റെ കഥയായിരുന്നു.

1898 ആയപ്പോഴേക്കും മാർക്സിസ്റ്റ് സാമൂഹ്യ ജനാധിപത്യ പ്രസ്ഥാനവുമായി അദ്ദേഹം പരസ്യമായി സഹവസിച്ചു. ഇത് ബുദ്ധിജീവികൾക്കും, വളർന്നുവരുന്ന ബോധമുള്ള തൊഴിലാളികൾക്കുമിടയിൽ അദ്ദേഹ

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

ത്തെ ഒരു സെലിബ്രിറ്റിയാക്കി മാറ്റാൻ സഹായിച്ചു. മനുഷ്യനിൽ അന്തർലീനമായ മൂല്യത്തിലും സാധ്യതയിലുമുള്ള വിശ്വാസമായിരുന്നു അദ്ദേഹത്തിന്റെ എല്ലാ കൃതികളുടെയും കാതൽ.

ചെക്കോവിന്റെ പ്രോത്സാഹന ഫലമായി 1902-ൽ ആഴങ്ങളിലെ ദുരിതങ്ങൾ നാടകം അദ്ദേഹം എഴുതി. രഹസ്യമായി നടത്തിയിരുന്ന അച്ചടിസ്ഥാപനത്തിൽ പങ്കാളിയാണെന്ന പേരിൽ 1902 ൽ മധ്യ റഷ്യയിലെ അർസമാസിലേക്ക് ഗോർക്കി നാടു കടത്തപ്പെട്ടു. അതേ വർഷം റഷ്യൻ അക്കാദമിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടെങ്കിലും തിരഞ്ഞെടുപ്പ് സർക്കാർ അസാധുവാക്കി. ലെനിന്റെ നേതൃത്വത്തിലുള്ള ബോൾഷെവി കണ്ട് കക്ഷിയിൽ ചേർന്ന അദ്ദേഹം വിപ്ലവകാരികൾക്കുള്ള ധനസമാഹാരത്തിനായി 1906 ൽ അമേരിക്കൻ ഐക്യനാടുകളിൽ എത്തി. ഈ അമേരിക്കൻ സന്ദർശനവേളയിൽ പർവ്വത പ്രദേശത്ത് വച്ചാണ് അദ്ദേഹം അമ്മ നോവലിന്റെ ബഹുഭൂരിഭാഗവും എഴുതി തീർത്തത്. .ഇറ്റലിയിലെ കാപ്രി ദ്വീപിൽവച്ച് അമ്മയുടെ ബാക്കിഭാഗം പൂർത്തിയാക്കി. അവിടെവെച്ച് ലെനിൻ അദ്ദേഹത്തെ സന്ദർശിച്ചിരുന്നു.

1913 ൽ റഷ്യയിൽ തിരിച്ചെത്തിയ മാക്സിം ഗോർക്കി വർക്കേഴ്സ് ആൻഡ് പെസന്റ്സ് യൂണിവേഴ്സിറ്റിയും, പെട്രോഗ്രാഡ് തീയേറ്ററും, വേൾഡ് ലിറ്ററേച്ചർ പബ്ലിഷിങ് ഹൗസും സ്ഥാപി ക്കുന്നതിൽ മുഖ്യപങ്കാളിത്തം വഹിച്ചു. ആത്മകഥാപരമ്പരയുടെ ആദ്യ ഭാഗമായ എന്റെ കുട്ടിക്കാലം ഇക്കാലത്താണ് പുറത്തിറങ്ങിയത്. രണ്ടാം ഭാഗമായ ലോകത്തിലേക്ക് 1916ലും, മൂന്നാം ഭാഗമായ എന്റെ സർവകലാശാലകൾ 1922 ലുമാണ് പ്രസിദ്ധീകരിച്ചത്.

റഷ്യൻ വിപ്ലവത്തിനുശേഷമുള്ള കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിൽ നിരാശ പൂണ്ട് അദ്ദേഹം സ്വമേധയാ നാടുവിട്ടു. 1920 മുതൽ 3 വർഷക്കാലം വിവിധ ജർമ്മൻ-ചെക്ക് ആരോഗ്യകേന്ദ്രങ്ങളിൽ ചെലവഴിച്ചശേഷം 1923 മുതൽ 25 വരെ ബെർലിനിലെ ഡയലോഗ് എന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്ററായി ജോലി ചെയ്തു. 1922 ൽ ലെനിന്റെ മരണത്തിന് തൊട്ടുപിന്നാലെ വി ഐ ലെനിൻ എന്ന പേരിൽ അദ്ദേഹം ഒരുലേഖനം എഴുതി. പ്രശസ്തനായ നേതാവുമായുള്ള സൗഹൃദവും അവർ തമ്മിൽ നടത്തിയിട്ടുള്ള രാഷ്ട്രീയ-സാഹിത്യചർച്ചകളും ആയിരുന്നു ലേഖനത്തിന്റെ പ്രതിപാദ്യം. 1925ൽ അർത്തമോവ് ബിസിനസ് എന്ന നോവലും അദ്ദേഹം എഴുതി .

അധികാരത്താലും സാമ്പത്തിക ശക്തികളാലും പാവപ്പെട്ടവരായ ജനകോടികൾ -ചൂഷണം ചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ എഴുത്തുകാരുടെ ധർമ്മം എന്താണ് എന്ന് ചോദ്യമാണ് പ്രതിജ്ഞാബദ്ധ സാഹിത്യത്തെ സൃഷ്ടിച്ചത്. ഇരുപതാം നൂറ്റാണ്ടിലെ നോവലിന്റെ ചരിത്രം രൂപപ്പെടുത്തിയതിലും മാറ്റിയെഴുതിയതിലും പ്രതിജ്ഞാബദ്ധ സാഹിത്യത്തിന് നിർണായകമായ പങ്കുണ്ട്. റഷ്യൻ നോവലിസ്റ്റ് മാക്സിം ഗോർക്കിയുടെ അമ്മ (മദർ)യിൽ നിന്നാണ് പ്രതിജ്ഞാബദ്ധ സാഹിത്യത്തിന്റെ ചരിത്രം തുടങ്ങുന്നത്.
റഷ്യൻ വിപ്ലവം നടക്കുന്നതിനൊരു ദശകം മുമ്പാണ് അമ്മ പുറത്തുവന്നത്. അമ്മ ഇംഗ്ലീഷ് ഭാഷയിലാണ് ആദ്യം പ്രസിദ്ധീകരിച്ചത്. അതും മുതലാളിത്ത രാജ്യമായ അമേരിക്കയിൽ! 1906 ഡിസംബർ മുതൽ 1907 ഫെബ്രുവരി വരെ ന്യൂയോർക്കിലെ ആപ്പിൾട്ടൺ മാഗസി

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

നിലാണ് അമ്മ പ്രസിദ്ധപ്പെടുത്തിയത്. ഒക്ടോബർ വിപ്ലവത്തിന് എണ്ണ പകർന്ന കൃതിയായിരുന്നു അമ്മ.1902ൽ റഷ്യയിലെ നിഷ്നിയ്നോവ് ഗോറോദ് എന്ന സ്ഥലത്തിനടുത്തുള്ള സൊർമോവെയിൽ നടന്ന മെയ്ദിന പ്രകടനമാണ് ഗോർക്കിക്ക് അമ്മ നോവൽ എഴുതാൻ പ്രചോദനമായതെന്ന് പറയപ്പെടുന്നു.

സാഹിത്യത്തിനുള്ള നോബൽ സമ്മാനത്തിന് അഞ്ച് തവണ നോമിനേറ്റ് ചെയ്യപ്പെടുകയും എന്നാൽ ലഭിക്കാതിരിക്കുകയും ചെയ്ത ദൗർഭാഗ്യവാനാണ് മാക്സിം ഗോർക്കി.

നാടക സങ്കൽപ്പത്തിന്റെയും ആർട്ട് തീയറ്ററിന്റെയും സിനിമാ സങ്കേതത്തിന്റെയും റഷ്യൻ പതിപ്പ് ലോകത്തിന് ആദ്യമായി നൽകിയത് ഗോർക്കിയാണ്. അദ്ദേഹത്തിന്റെ തീയറ്റർ സങ്കേതത്തിൽ നിന്ന് സിനിമയും പ്രചോദിതമായി. 1902 മുതലുള്ള കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ ഏറ്റവും സ്വാധീനമുള്ള രചനകൾ സാമൂഹ്യവും രാഷ്ട്രീയവും ആയ വിഷയങ്ങളെക്കുറിച്ചുള്ള നാടകങ്ങളുടെ പരമ്പരകൾ ആയിരുന്നു. ഏറ്റവും പ്രസിദ്ധമായത് ദി ലോവർ ഡെപ്ത്സ് എന്ന നാടകമായിരുന്നു. വിപ്ലവകാലത്ത് പീറ്റർ ആൻഡ് പോൾ ഫോർട്രസിൽ കുറച്ചുകാലം തടവിലായിരുന്നപ്പോൾ ചിൽഡ്രൻ ഓഫ് ദി സൺ എന്ന നാടകം എഴുതി 1904ൽ വ്ളാഡിമിർ നെമിറോവിച്ച്-ഡാൻചെങ്കോവുമായുള്ള സംഘർഷത്തെ തുടർന്ന് മോസ്കോ ആർട്ട് തീയറ്ററുമായുള്ള ബന്ധം ഗോർക്കി വിച്ഛേദിച്ചു. നിസ്നിനോവ്ഗോറോഡിലേക്ക് മടങ്ങി സ്വന്തമായി ഒരു തീയറ്റർ സ്ഥാപിച്ചു. കോൺസ്റ്റാന്റിൻ സ്റ്റാനിസ്ലാവ്സ്കിയും സാവമൊറോസോവും ഈ സംരംഭത്തിന് സാമ്പത്തിക സഹായം നൽകി.ഗോർക്കിയുടെ തീയേറ്റർ പ്രവിശ്യാ നാടകങ്ങളുടെ ശൃംഖല വികസിപ്പിക്കാനുള്ള അവസരമാണെന്ന് സ്റ്റാനിസ്ലാവ്സ്കി വിശ്വസിച്ചു. ഇത് 1890 മുതലുള്ള അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു ആർട്ട് തീയറ്റർ.സ്കൂളിലെ ചില വിദ്യാർത്ഥികളെയും സ്കൂൾ നടത്തിയിരുന്ന ഇയോസഫ് ടിഖോമിറോവിനെയും അദ്ദേഹം അവിടെ ജോലി ചെയ്യാൻ അയച്ചു. എന്നിരുന്നാലും ശരത്കാലത്തോടെ തിയേറ്ററിലൂടെ നിർദ്ദേശിച്ച എല്ലാ നാടകങ്ങളും സെൻസർ ചെയ്യപ്പെട്ട് നിരോധിച്ചതിനു ശേഷം ഗോർക്കി പദ്ധതി ഉപേക്ഷിച്ചു..

1906 നും 1911നും ഇടയിൽ കാപ്രിയിൽ താമസിക്കവേ ലുനാച്ചാർസ്കി, ബോഗ്ദാനോവ്, വ്ലാഡിമിർ ബസറോവ് എന്നിവരോടൊപ്പം ചേർന്ന് ഡിഡറോട്ടിന്റെ എൻസൈക്ലോപീഡിയയുടെ സോഷ്യലിസ്റ്റ് പതിപ്പായി റഷ്യൻ ചരിത്രത്തിന്റെ ഒരു വിജ്ഞാനകോശം എന്ന ആശയം ഗോർക്കി വികസിപ്പിച്ചെടുത്തു

1914 ഗോർക്കിക്ക് റഷ്യയിലേക്ക് മടങ്ങാൻ അനുവാദം കിട്ടി. അവിടെ അദ്ദേഹം തന്റെ സാമൂഹിക വിമർശനം തുടർന്നു. 1914ൽ റഷ്യ ഒന്നാം ലോകമഹായുദ്ധ



ത്തിൽ പ്രവേശിച്ചതോടെ ദേശ സ്നേഹത്തിന്റെ പൊട്ടിത്തെറി തകർത്തു. അദ്ദേഹം യുദ്ധവിരുദ്ധ പ്രസിദ്ധീകരണങ്ങളുടെ ഒരു പരമ്പരതന്നെ എഴുതി. 1915ൽ യുദ്ധവിരുദ്ധ നിലപാട് പ്രചരിപ്പിക്കുന്നതിനും ദേശീയതയുടെയും സാമ്രാജ്യത്വത്തി ന്റെയും എല്ലാ പ്രകടനങ്ങൾക്കുമെതിരെ അന്താരാഷ്ട്ര സംസ്കാരത്തിന്റെ ആശയം പ്രചരിപ്പി ക്കുന്നതിനുമായി പാരസ് എന്ന പ്രസിദ്ധീകരണശാലയും ലെറ്റോപിസ് എന്ന മാസികയും ആരംഭിച്ചു. 1918ൽ ബോൾഷെവിക്കുകളെ വിമർശിക്കുന്ന ലേഖനങ്ങളുടെ ഒരു സമാഹാരം അകാല ചിന്തകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

1921 ലെ റഷ്യയിലെ പോവോൾഷെ ക്ഷാമം ഗോർക്കിയെ വേദനിപ്പിച്ചു. 1921 സെപ്റ്റംബറിൽ അദ്ദേഹം റഷ്യ വിട്ടു. 1928 ആയപ്പോഴേയ്ക്കും ഏറ്റവും വലിയ കുടുംബം നിലനിർത്താൻ ആവശ്യമായ വരുമാനം കണ്ടെത്താൻ അദ്ദേഹത്തിനുബുദ്ധിമുട്ട് അനുഭവപ്പെട്ടു. ലെനിനുശേഷം അധികാരത്തിലേറിയ ജോസഫ് സ്റ്റാലിന്റെ നിർബന്ധപ്രകാരം 1931ൽ ഗോർക്കി റഷ്യയിൽ തിരിച്ചെത്തി. ഏതാനും വാരികകൾ സ്ഥാപിച്ചതിനുശേഷം അദ്ദേഹം റൈറ്റേഴ്സ് യൂണിയന്റെ നേതൃത്വം ഏറ്റെടുത്തു. ഫാസിസ്റ്റ് ഇറ്റലിയിൽനിന്നുള്ള ഗോർക്കിയുടെ തിരിച്ചു വരവ് റഷ്യയ്ക്ക് ഒരു വലിയ പ്രചാരണ വിജയമായിരുന്നു. അദ്ദേഹത്തിന് ഓർഡർ ഓഫ് ലെനിൻ നൽകി റഷ്യ ആദരിച്ചു. മോസ്കോയിൽ ഒരു മാളികയും പ്രാന്തപ്രദേശങ്ങളിൽ ഒരു ഡാച്ചയും നൽകി. നിസ്നി നോവ്ഗൊറോഡ് നഗരവും ചുറ്റുമുള്ള പ്രവിശ്യയും ഗോർക്കി എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.മോസ്കോയിലെ പ്രധാന പാർക്കും അതുപോലെ മോസ്കോ ആർട്ട് തീയേറ്ററും ലോകത്തിലെ ഏറ്റവും വലിയ ഫിക്സഡ് വിംഗ് വിമാനവും മാക്സിം ഗോർക്കി എന്ന് നാമകരണം ചെയ്യപ്പെട്ടു. 1936 ജൂണിൽ മാക്സിം ഗോർക്കി ന്യൂമോണിയ ബാധിച്ചു മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ശവസംസ്കാര ചടങ്ങിൽ ഗോർക്കിയുടെ കലശം ചുമന്നവരിൽ റഷ്യൻ പ്രസിഡന്റ് സ്റ്റാലിനും ഉൾപ്പെടുന്നു. കാലം ഏറെ പിന്നിട്ടിട്ടും ഗോർക്കിയുടെ വ്യക്തിപ്രഭാവവും പ്രതിജ്ഞാബദ്ധ സാഹിത്യവും ഇന്നും അനശ്വരമായി വിളങ്ങുന്നു.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

കവിത

# മദർ - ചരിത്രത്തിലെ രക്തസാക്ഷികൾ



രാജാംബിക
( ഫിൽക്ക )

കറുപ്പും വെളുപ്പും സംഗമിച്ചീടുന്ന നിശബ്ദ ചിത്രത്തിൽ
തെളിയുന്നു റഷ്യൻ വിപ്ലവ നിഴൽ.
അണിയറയിൽ വാരിക്കുഴി തീർത്തു, മൂടി,
ചതിക്കുവാൻ ചലിക്കുന്നു ചുറ്റും നരരൂപങ്ങൾ...
സായുധസമരങ്ങൾ കൊടിക്കീഴിൽ
അമരുമ്പോൾ കപോലങ്ങളിലിഴയുന്നു
പെറ്റമ്മതൻ കദനഭാരം.

ചുണ്ടിൽ വിടരുന്ന പുഞ്ചിരി മലരമ്മ
നെഞ്ചിൽ തുളുമ്പുന്ന തൂമധുവും
ആദ്യമഴയേറ്റ് പൊഴിയുന്ന കണ്ണിമാങ്കുല
യാകാം പൊന്നു മക്കൾ.
മലർപ്പൊടിക്കാരന്റെ സ്വപ്നങ്ങൾപോൽ വൃഥാ
ഭാവിപർവ്വം പേർത്തും നെയ്യുമമ്മ

ഉള്ളിലെരിയുന്ന അഗ്നിപർവ്വതങ്ങളൊ ളിപ്പിച്ച്
ഉലയുന്ന സൗധം കാക്കുമമ്മ.
രാവു കനക്കുമ്പോൾ
കൂടണയുന്നൊരു താളപ്പിഴയ്ക്കായി നോമ്പ് നോറ്റിരിക്കും,
നറുനിലാ പാലൊളി വെട്ടത്തിലെന്നും
നിറമുള്ള കനവായ് വിളങ്ങിയമ്മ

കാന്തിയോടന്തിയിൽ വിട വാങ്ങും സൂര്യനെ,
മിഴികൾ നാഴികമണിയിലൂന്നി,
രാവിന്റെ മടിയിൽ
ക്രൂരരും ദുഷ്ടരുമെങ്കിലുമാ
കൂടണയാ കിളികളെ
കണ്ണിലെവിളക്കുമായി കാക്കുമമ്മ.

ചരിത്രവഴികളിൽ ശക്തി സ്വരൂപമായി,
വീരാംഗനയായി, ഇതിഹാസതാരമായി.
അപമാനവുമനീതിയുമൊരുനാളും
പൊറുക്കില്ലിവൾ, പെണ്ണൊരുത്തി.
രുദ്രപ്രകൃതിയായി കലിതുള്ളുമമ്മ
ഊർജ്ജപ്രഭാവമായി.

അജയ്യരായി തീരുവാൻ വിപ്ലവ വഴികളിൽ
നേരു തിരയാൻ ഓതിയമ്മ...
ബങ്കറിലൊളിപ്പിച്ചതോക്കിൻ കൂട്ടത്തിനു
നേർസാക്ഷിയായി മൂകമുരുകിയമ്മ.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

മദ്യം മോഹപ്രേരകം, മോഷണ ത്വരകൾ,
നടമാടുന്നു സ്വഗൃഹത്തിൽ,
ഉഷസ്സിൽ ഉണരാതെ, കുറ്റ ബോധമില്ലാതെ
കയ്യൂക്കിൻ ബലത്തിൽ
തട്ടിയെടുക്കുന്നു വീട്ടിലെ വിലപിടിച്ചവ,
അമ്മതൻ ചിന്തയിൽ ഒരു വിസ്ഫോടനം
മുഴങ്ങുന്നു ...

ശത്രുക്കളുടെ കെണിയിൽ വ്ളാസോവ് !
ബ്ലാക്ക് ഹൺഡ്രഡിൽ മയങ്ങി,
കലാപത്തിന്നിടയിൽ,
സ്വയം അറിയാതെ മൃത്യുവിനെ പുണർന്നു.
കരിങ്കല്ല് പിളർക്കും പ്രാണ വേദനയ്ക്കിടയിലും
അമ്മയുടെ നിലവിളി അമർഷമായി ഉറഞ്ഞു
പോയോ !

സായുധ സമരക്കാരെ ഭരണകൂടം
നിരന്തരം വേട്ടയാടുമ്പോഴും
മകനെയും
കയ്യാമം വയ്ക്കുന്നു
തോക്കുകൾക്കുവേണ്ടി  തെളിവെടുപ്പ്,
റോന്തുചുറ്റലുകൾ..

പ്രശ്നപരിഹാരമായി നിഷ്കളങ്ക
ബുദ്ധിയിൽ, പ്രകടമാക്കുന്നു ഒളിപ്പിച്ചുവച്ച
ആയുധങ്ങളമ്മ.
ആർത്തട്ടഹസിക്കുന്നു
റഷ്യൻ സൈന്യത്തിൻ സ്വാർത്ഥതകൾ
അമ്മയെ പറ്റിച്ചു നേടിയ തെളിവിൻ
പരിഹാസക്കൊലച്ചിരി മുഴങ്ങുന്നു,
അതിൻ പ്രതിധ്വനിയൊരായിരം മടങ്ങായി,
പ്രകൃതിയുടെ ഉള്ളം അസ്വസ്ഥമാകുന്നു,
പിന്നെയും രോഷം ഊറിയുറയുന്നു.

പവലിന് കാരാഗ്രഹത്തിൽ
ജീവപര്യന്തത്തിന് വിധി !
വിപ്ലവകാരികൾ സഹ തടവുകാർ,
കാവൽക്കാരെ നിശബ്ദരാക്കുന്നു
രക്ഷ മാത്രം മുന്നിൽ,
കൂടെ പവലും..
മാതൃ – പുത്ര സംഗമം!

തീക്കനൽ തെല്ലൊന്നണഞ്ഞുവോ,
മനം കുളിർത്തോരമ്മയുടെ തഴുകി,
തലോടലുകൾ.

ഇവിടെയും അവിടെയും തിരയുന്നു,
പിന്തുടരുന്നു മർജ്ജാരപദവിന്യാസ
ത്തോടെ സൈന്യം,
ഉതിർക്കുന്നു വെടിയുണ്ട,
മാംസത്തുണ്ടുകൾ ചിന്നിച്ചിതറുന്നു,
കടന്നുപോകുന്നു വിരിമാറു തുളച്ചവ.

ദുഃഖത്തിൻ പാരാവാരത്തിൽ
വീണുപോയെങ്കിലും
ഉറഞ്ഞു കൂടിയൊരു ക്രോധത്തിന്റെ
അഗ്നിപ്രവാഹം അണപൊട്ടുന്നുവോ
ധാർമ്മിക ഊർജ്ജം ഉൾക്കൊണ്ടവൾ
ചെന്നിണമണിഞ്ഞ വീരപതാകയിൽ
ആത്മവീര്യം കയ്യിലേന്തി.
സംഹാര രുദ്രയായി അലറി കുതിച്ചവൾ
ചരിത്രം ഉറങ്ങുന്ന നഗരവീഥികളിൽ
കുതികൊണ്ടു വീര്യത്തിൻ
തുടിപ്പുമായമ്മ.
പ്രതിധ്വനിക്കുന്നിതാ മനുഷ്യശബ്ദം,
'മലപോലെ നിൽക്കുന്നു ഞങ്ങൾ
തിര പോലെ വരിക നിങ്ങൾ '

എതിരെ ഒരു വൻ സൈന്യം കുതിരപ്പടയാളികൾ
അതിന്നിടയിലവൾ നിന്നു അഗ്നിശിലയായി,
പോർവിളിയുമായി.
ചവിട്ടേറ്റു പിടഞ്ഞാലും ജീവൻ വെടിഞ്ഞാലും
വീരമരണം പുൽകും യോദ്ധാവവൾ.


യുദ്ധവും ഭീകരതയും കൊടികുത്തിവാഴു
ന്നു എങ്ങും നിർദ്ദാക്ഷണ്യം.
ഉയരുമിനിയും ഒരായിരം അമ്മമാർ
വീരപതാകയുമേന്തി,
ചരിത്രശക്തിയാണമ്മ,
സാമൂഹിക ശക്തിയാണമ്മ...
അനീതിക്കെതിരെ അടരാടുന്ന സ്ത്രീ
ശക്തിയാണെന്നുമമ്മ...

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

# വി.പുഡോഫ്കിൻ ( 1893 - 1953 )



പി. എസ്. ജ്യോതിഷ്കുമാർ
(ഫിൽക്ക)



വിഖ്യാതനായ സോവിയറ്റ് ചലച്ചിത്ര സംവിധായകനും സിദ്ധാന്തകനും നടനു മായിരുന്നു വിസെവോലോഡ് ഇല്ലരി യോനോവിച്ച് പുഡോവ്കിൻ (Vsevolod Illarionovich Pudovkin).

സെർജി ഐസൻസ്റ്റീനൊപ്പം ലോക സിനിമ യിലെ മൊണ്ടാഷ് (Mont -age) സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കളിൽ ഒരാളാ യാണ് ഇദ്ദേഹം അറിയപ്പെടുന്നത്.

ജനനം: 1893 ഫെബ്രുവരി 16, പെൻസ, റഷ്യ.മോസ്കോ സർവകലാശാലയിൽ ഭൗതികശാസ്ത്രവും രസതന്ത്രവും പഠിച്ചു. എന്നാൽ ഒന്നാം ലോകമഹാ യുദ്ധം അദ്ദേ ഹത്തിന്റെ ജീവിതഗതി മാറ്റിമറിച്ചു. യുദ്ധ ത്തിൽ തടവുകാരനായി പിടിക്കപ്പെട്ട അദ്ദേഹം, ആ കാലഘട്ടത്തിലാണ് കലയോടും സിനിമ യോടും താൽപ്പര്യം പ്രകടിപ്പിച്ചു തുടങ്ങി യത്.

**സിനിമാ ജീവിതം**

പുഡോവ്കിൻ സിനിമയെ ഒരു വെറും ദൃശ്യാ വിഷ്കാരമായല്ല, മറിച്ച് കൃത്യമായി എഡിറ്റ് ചെയ്ത് രൂപപ്പെടുത്തിയെടുക്കേണ്ട ഒരു കലാ രൂപമായാണ് കണ്ടത്.
അദ്ദേഹത്തിന്റെ പ്രധാന സംഭാവനകൾ താഴെ പറയുന്നവയാണ്:



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

**1. മൊണ്ടാഷ് സിദ്ധാന്തം**
(The Theory of Montage)
ഐസൻസ്റ്റീൻ സംഘർഷാത്മകമായ (Collision) എഡിറ്റിംഗിൽ വിശ്വസിച്ചപ്പോൾ, പുഡോവ്കിൻ ലിങ്കേജ് (Linkage) എന്ന രീതിയിലാണ് മൊണ്ടാഷിനെ കണ്ടത്. അതായത്, ഓരോ ഷോട്ടിനെയും മറ്റൊരു ഷോട്ടുമായി വിളക്കിച്ചേർത്ത് ഒരു കഥാതന്തു വികസിപ്പിക്കുന്ന രീതി.



**2. സിനിമകൾ.**
അദ്ദേഹത്തിന്റെ വിഖ്യാതമായ മൂന്ന് സിനിമകളെ വിപ്ലവത്രയം (Revolutionary Trilogy) എന്ന് വിളിക്കുന്നു.

മദർ (Mother 1926): മാക്സിം ഗോർക്കിയുടെ നോവലിനെ ആസ്പദമാക്കി നിർമ്മിച്ച ഈ ചിത്രം പുഡോവ്കിന്റെ മാസ്റ്റർപീസ് ആയി കരുതപ്പെടുന്നു.

**ദ എൻഡ് ഓഫ് സെന്റ് പീറ്റേഴ്സ്ബർഗ്**
(The End of St. Petersburg - 1927).
സ്റ്റോം ഓവർ ഏഷ്യ (Storm Over Asia 1928).

**പുഡോവ്കിന്റെ ശൈലി**
**അഭിനയം:** തന്റെ സിനിമകളിൽ പ്രൊഫഷണൽ നടന്മാരെക്കാൾ ഉപരിയായി സ്വാഭാവികമായ മുഖഭാവങ്ങൾക്കും ചലനങ്ങൾക്കും അദ്ദേഹം പ്രാധാന്യം നൽകി.



**പുസ്തകങ്ങൾ:** സിനിമയെക്കുറിച്ച് അദ്ദേഹം എഴുതിയ Film Technique, Film Acting എന്നീ പുസ്തകങ്ങൾ ഇന്നും ലോകമെമ്പാടുമുള്ള ചലച്ചിത്ര വിദ്യാർത്ഥി കൾക്ക് പാഠപുസ്തകങ്ങളാണ്.



*സിനിമ കലയായി മാറുന്നത് അത് എഡിറ്റിംഗ് ടേബിളിൽ എത്തുമ്പോഴാണ്. –*
*പുഡോവ്കിൻ.*

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII

# മോണ്ടി ക്രിസ്റ്റോയിലെ പ്രഭു



**ഡോ. പി. അജികുമാർ**
(ഫിൽക്ക)




ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശവന്ന പോലെ പോം ,
തിരയുന്നുമനുഷ്യനെന്തിനോ
തിരിയാ ലോകരഹസ്യമാർക്കുമേ

എന്ന കവിവാക്യത്തെ അന്വർത്ഥമാക്കുന്ന അലക്സാണ്ടർ ഡൂമയുടെ പ്രസിദ്ധ നോവലാണ് ദി കൗണ്ട് ഓഫ് മോണ്ടി ക്രിസ്റ്റോ. പ്രണയത്തിന്റെയും ചതിയുടെയും പ്രതികാരത്തിന്റെയും കഥ പറയുന്ന ഈ ക്ലാസ്സിക് കൃതിയുടെ പശ്ചാത്തലം 1815 -1839 കാലത്തെ രാഷ്ട്രീയ പ്രക്ഷുബ്ധമായ ഫ്രാൻസാണ്. നെപ്പോളിയൻ ബോണപ്പാർട്ടിന്റെ നാടു കടത്തലും പൂർവ്വാധികം ശക്തിയോടെ അധികാരം തിരിച്ചു പിടിക്കാനുള്ള ശ്രമങ്ങളും നടക്കുന്ന കാലം.

1815 ൽ മെഡിറ്ററേനിയൻ കടലിൽ നിന്ന് കപ്പൽ തകർച്ചയിൽപ്പെട്ട ഒരു സ്ത്രീയെ നാവികൻ 'എഡ്മണ്ട് ഡാന്റേസ് ' കടലിൽ ചാടി രക്ഷിക്കുന്നു. ഇത് കപ്പലിലെ ക്യാപ്റ്റന്റെ തീരുമാനത്തിന് വിരുദ്ധമായിരുന്നു. എഡ്മിനെ കപ്പലിൽ അറസ്റ്റ് ചെയ്യുന്നു. നാടുകടത്തപ്പെട്ട നെപ്പോളിയനിൽ നിന്നുള്ള ഒരു കത്ത് എഞ്ചൽ എന്ന ആ സ്ത്രീയുടെ കൈവശമുണ്ട് . അത് ക്യാപ്റ്റൻ 'ഡാങ്ലാർസ്' പിടിച്ചെടുക്കുന്നു. കപ്പൽ 'മാർ സെ 'യിലെത്തിയപ്പോൾ ക്യാപ്റ്റൻ 'ഡാങ്ലാർസ്' ഇക്കാര്യം കപ്പൽ ഉടമയായ 'മോറലിന്' റിപ്പോർട്ട് ചെയ്യുന്നു.

എന്നാൽ കടലിൽ അപകടത്തിൽപ്പെട്ടവരെ സഹായിക്കാനുള്ള കടമ അവഗണിച്ചതിന് 'മോറൽ , ക്യാപ്റ്റൻ ഡാങ്ലാർസി'നെ പുറത്താക്കുകയും 'എഡ് മി'നെസ്ഥാന സ്ഥാനക്കയറ്റം നൽകി ക്യാപ്റ്റനാക്കുകയും ചെയ്യുന്നു.



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca



തന്റെ സ്ഥാനക്കയറ്റത്തിന്റെ സന്തോഷ വാർത്ത പ്രതിശ്രുത വധുവായ ' മെഴ്സിഡസ് ഹെരേര' യുമായി പങ്കിടാൻ എഡ്മണ്ട് വീട്ടിലെത്തുന്നു.

ഡാന്റേസിന്റെ ഉയർച്ചയിലും സുന്ദരിയായ വധുവിനെ കിട്ടുന്നതിലും അസൂയ മൂത്ത അവളുടെ കസിൻ ' ഫെർനാൻഡ് മോണ്ടെഗോ' യ്ക്ക് കുശുമ്പും പകയും തോന്നി.

അയാൾ മുൻ ക്യാപ്റ്റൻ ഡാങ്ലർസും കൂട്ടാളി കളുമായി ചേർന്ന് എഡ്മണ്ട് ' ബോണപ്പാർട്ടിസ്റ്റാണെന്ന് ആരോപിച്ച് ചതിയിലൂടെ വിവാഹദിനത്തിൽ അറസ്റ്റ് ചെയ്യിക്കുന്നു.

ഈ ചതിയൻമാരോടൊപ്പം മജിസ്ട്രേറ്റ് 'വില്ലേ ഫോർട്ടും' കൂടുന്നു. 'വില്ലെ ഫോർട്ടി'ന്റെ സഹോദരിയാണ് ' എയ്ഞ്ചൽ'. അവൾ, എഡ്മണ്ടിന്റെ മോചനം ആവശ്യപ്പെടുകയും ഇല്ലെങ്കിൽ 'ഡാങ് ലർ സി'ന്റെ ഭാര്യയുമായുള്ള 'വില്ലെഫോർട്ടി'ന്റെ ബന്ധം വെളിപ്പെടുത്തുമെന്ന് ഭീഷണി മുഴക്കുകയും ചെയ്യുന്നു.

അവളെ നിശ്ശബ്ദയാക്കാൻ സഹോദരൻ 'ഡാങ്ലർസിനെ' ചുമതലപ്പെടുത്തുന്നു. രാജ്യ ദ്രോഹക്കുറ്റമാരോപിക്കപ്പെട്ട "എഡ്മണ്ട് ഡാന്റസി" നെ പതിനാലു വർഷത്തെ കഠിന തടവിന് വിധിച്ച്, കുപ്രസിദ്ധമായ 'ചാറ്റോ ഡി ഇഫ്' ജയിലിൽ അടയ്ക്കുന്നു.

പകൽ വെളിച്ചം പോലും കടക്കാത്ത ആ കൽത്തുറുങ്കിലെ ഏകാന്ത തടവിൽ ജീവിതം അവസാനിക്കുമെന്ന് കരുതി , ഭക്ഷണം പോലും കഴിക്കാതെ ഭ്രാന്ത് പിടിച്ച അവസ്ഥയിൽ ' എഡ്മണ്ട് ഡാന്റസ് ' എത്തിപ്പെടുന്നു.



ഇതിനിടയിലാണ് അയാൾ സഹതടവുകാരനായ " അബ്ബെ ഫാരിയ" എന്ന വൃദ്ധ പുരോഹിതനെ പരിചയപ്പെടുന്നത്. തന്റെ മകനെപ്പോലെ എഡ്മണ്ട് ഡാന്റസിനെ കരുതിയ ഫാരിയ ഭാഷകൾ, ശാസ്ത്രം, സംസ്കാരം തുടങ്ങി എല്ലാ അറിവുകളും അയാൾക്ക് പകർന്നു നൽകുന്നു.

അതോടൊപ്പം 'മോണ്ടെ ക്രിസ്റ്റോ' ദ്വീപിലെ ഒരപൂർവ്വ നിധിയെക്കുറിച്ചും അതിന്റെ സ്ഥാനവും വെളിപ്പെടുത്തുന്നു.

തുടർന്ന് ഇരുവരും തടവറയിൽ നിന്നും രക്ഷപ്പെടാനുള്ള തന്ത്രങ്ങൾ മെനയുന്നു. ആ കഠിനശ്രമത്തിൽ വൃദ്ധനായ ഫാരിയ മരിക്കുന്നു. അവിടെ തടവുകാർ മരണപ്പെട്ടാൽ ശവം പായിൽ കെട്ടി കടലിലെറിയുകയാണ് പതിവ്. ഒഴുകിപ്പോകാതിരിക്കാൻ ഒരു ഇരുമ്പു ഗോളം കൂടി കാലിൽ കെട്ടും.

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

ശവത്തിന് പകരം പായയിൽ കയറിക്കൂടി അതിസാഹസികമായി ' എഡ്മണ്ട് ഡാന്റസ് ' ജയിലിൽ നിന്നും രക്ഷപ്പെടുന്നു. കപ്പൽ ദുരന്തത്തിന്റെ ഇരയെന്നു പറഞ്ഞ് ഒരു കപ്പലിൽ പുറംലോകത്തെത്തുന്നു. ഒടുവി ൽ ഫാരിയ പറഞ്ഞ ദ്വീപും അമൂല്യനിധിയും കണ്ടെത്തുന്നു. ആ നിധി അയാളെ അതിസമ്പന്നനാക്കുന്നു.

വേഷപ്രച്ഛന്നനായി ഫ്രാൻസിലെത്തുന്ന എഡ്മണ്ട് ഡാന്റസ്, തന്റെ പിതാവ് പട്ടിണി കിടന്ന് മരിച്ചതും, കാത്തിരിക്കുമെന്ന് കരുതിയ മെഴ്സിഡസ് മറ്റൊരാളുടെ ഭാര്യയായതും അറിഞ്ഞ് തകരുന്നു. അളവറ്റ സമ്പത്തിനുടമയായ എഡ്മണ്ട് ഡാന്റസ് ഒരു ദ്വീപ് വാങ്ങി 'ഫാദർ ബുസോണി ' എന്ന പേരിൽ താമസമാക്കുന്നു.പരിചയക്കാരിൽ നിന്നും താൻ എങ്ങനെ ജയിലിലകപ്പെട്ടതെന്ന് മനസ്സിലാക്കുന്നു. താനനുഭവിച്ച യാതനകൾ, നഷ്ടസ്വപ്നങ്ങൾ , കൈ വിട്ട ജീവിതം എന്നിവയ്ക്കെല്ലാം അയാൾ എണ്ണിയെണ്ണി പ്രതികാരത്തിനൊരുങ്ങുന്നു.

മെല്ലെ മധുരമായി പകരം വീട്ടാൻ തുടങ്ങുന്നു. ചതിയിലൂടെ, തന്നെ ജയിലിലടച്ചവരുടെ രഹസ്യങ്ങൾ വിദഗ്ദ്ധമായി ചോർത്തിയെടുക്കുന്ന എഡ്മണ്ട് ഡാന്റസ് എന്ന പ്രഭു അളവറ്റ ധനം, സ്വാധീനം എന്നിവയാൽ തന്ത്രപരമായി ശത്രുക്കളെ വേട്ടയാടുന്നു.

“രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും,
മാളികമുകളേറിയ മന്നന്റെ തോളിൽ
മാറാപ്പ്“ കേറുന്നതും നാമിവിടെ കാണുന്നു.

കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച പ്രഭുവിന്റെ പ്രതികാരത്തിൽ ഫ്രാൻസിലെ പല വടവൃക്ഷങ്ങളും നിലം പൊത്തി. തന്റെ പ്രതികാരത്തിന്റെ തീജ്വാലയിൽ വെന്തുരുകിയ കുടുംബങ്ങളിലെ നിരപരാധികളുടെ വേദന പ്രഭുവിനെ ഒടുവിൽ മാനസാന്തരപ്പെടുത്തുകയാണ്.

തുടർന്ന് നന്മയുടെയും കരുണയുടെയും വിനയരൂപമായി മോണ്ടി ക്രിസ്റ്റോയിലെ പ്രഭു എഡ്മണ്ട് ഡാന്റസ് മാറുകയാണ്. നഷ്ടസ്വപ്നങ്ങൾ ആത്മാവിൽ വേദന നിറയ്ക്കുമ്പോഴും അതിൽ നിന്ന് അയാൾ ത്യാഗത്തിലൂടെ , അനുകമ്പയിലൂടെ, പുണ്യകർമ്മത്തിലൂടെ സ്വയം മോചിതനാവുകയാണ്.

പ്രതികാരാഗ്നി തണുത്ത അദ്ദേഹം ഒടുവിൽ 'കാത്തിരിക്കുക, പ്രതീക്ഷിക്കുക' എന്ന സന്ദേശം നൽകി ഫ്രാൻസിൽ നിന്നും വിട പറയുന്നു...

ഏതു പ്രതിസന്ധിയിലും പ്രതീക്ഷ നഷ്ടമാകാതെ സാഹചര്യങ്ങളോട് പൊരുതി ജയിക്കണമെന്ന സന്ദേശമാണ് നോവൽ നൽകുന്നത്.

പ്രണയം, അസൂയ, പക, ദയ, മനുഷ്യത്വം തുടങ്ങിയ വികാരങ്ങളെ ഇതിൽ വിശകലനം ചെയ്യുന്നു. അതോടൊപ്പം തന്നെ മാനുഷികതയും നീതിയും പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെടുന്നു. ഒപ്പം പ്രതികാരം ഒന്നിനും പരിഹാരമല്ലെന്നും മറിച്ച് ക്ഷമയും കരുണയും മനുഷ്യനെ മഹാനാക്കുന്നു എന്ന സന്ദേശവും ഡൂമ ഇതിലൂടെ നൽകുന്നു.

ഒരു സാഹസിക കഥയെന്നതിലുപരി മനുഷ്യമനസ്സിന്റെ സങ്കീർണ്ണതകളും” കൊടുങ്കാറ്റായ ജീവിത”ത്തിലെ അനീതികളും ഇതിൽ ശക്തമായി പ്രതിഫലിക്കുന്നു.

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

# സ്ഥലം കഥ പറയുമ്പോൾ..



പ്രൊഫ. ബേബി പോൾ
( ഫിൽക്ക )




അലക്സാണ്ടർ ഡ്യൂമയുടെ സാഹിത്യത്തിലെ ആർക്കിടെക്ചറൽ ഇടപെടൽ അലക്സാണ്ടർ ഡ്യൂമ (1802 -1870) ലോകസാഹിത്യത്തിലെ ഏറ്റവും പ്രശസ്തരുമായും ഏറ്റവും അധികം വായിക്കപ്പെടുന്നവരുമായ എഴുത്തുകാരിൽ ഒരാളാണ്. പത്തൊൻപതാം നൂറ്റാണ്ടിലെ ഫ്രഞ്ച് സാഹിത്യത്തിലെ ഒരു മഹാനായ വ്യക്തിത്വമായ ഡ്യൂമ, സാഹസികതയും വൈകാരികതയും രാഷ്ട്രീയബോധവും ധാർമ്മിക ചിന്തയും ഒരുമിച്ച് ചേർത്ത് ചരിത്ര കഥാസാഹിത്യത്തെ ജനകീയ കലയാക്കി മാറ്റിയ എഴുത്തുകാരനാണ്.

പോരാട്ടങ്ങളും ഗൂഢാലോചനകളും തടവറകളും രക്ഷപ്പെടലുകളും അചഞ്ചലമായ സൗഹൃദങ്ങളും നിറഞ്ഞ അദ്ദേഹത്തിന്റെ നോവലുകൾ ലോകമെമ്പാടുമുള്ള വായനക്കാരെ ഇന്നും ആകർഷിക്കുന്നു. പലപ്പോഴും "ജനകീയ എഴുത്തുകാരൻ" എന്ന നിലയിലാണ് ഡ്യൂമയെ വിലയിരുത്തിയിട്ടുള്ളതെങ്കിലും,സാഹിത്യത്തിലും ചരിത്രബോധത്തിലും വായനയുടെ ജനാധിപത്യവത്കരണത്തിലും അദ്ദേഹത്തിന്റെ സംഭാവന അതിമഹത്തായതും ദീർഘകാലപ്രഭാവമുള്ളതുമാണ്.

അലക്സാണ്ടർ ഡ്യൂമ 1802 ജൂലൈ 24-ന് ഫ്രാൻസിലെ വില്ലേഴ്സ്-കോട്ടറെറ്റ്സിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവ് തോമസ്-അലക്സാണ്ടർ ഡ്യൂമ, നെപ്പോളിയൻ ബോണപ്പാർട്ടിന്റെ സൈന്യത്തിലെ ഒരു ജനറലായിരുന്നു. ഇന്നത്തെ ഹൈറ്റിയിൽ നിന്നുള്ള അടിമയായിരുന്ന ഒരു ആഫ്രിക്കൻ സ്ത്രീയായിരുന്നു അദ്ദേഹത്തിന്റെ







അമ്മ. ഈ അപൂർവമായ വംശപരമ്പര, ഫ്രഞ്ച് വിപ്ലവാനന്തര സമൂഹത്തിലെ ജാതി, വർഗ്ഗം, അധികാരം, ചരിത്രം എന്നീ ഘടകങ്ങളുടെ സങ്കീർണ്ണമായ മദ്ധ്യസ്ഥാനത്താണ് ഡ്യൂമയെ സ്ഥാപിച്ചത്.

ഡ്യൂമയ്ക്ക് നാല് വയസ്സുള്ളപ്പോഴേക്കും പിതാവ് മരണമടഞ്ഞു. ഇതോടെ കുടുംബം കടുത്ത സാമ്പത്തിക ബുദ്ധി മുട്ടുകളിലേക്ക് വീണു. ഔപചാരിക വിദ്യാഭ്യാസം പരിമിതമായിരുന്നെങ്കിലും, ഡ്യൂമ ഒരു അതീവ ആവേശകരമായ വായനക്കാരനായിരുന്നു. ചരിത്രം, സാഹിത്യം, നാടകം എന്നീ മേഖല കളോട് അദ്ദേഹത്തിന് ചെറുപ്പം മുതലേ ആഴത്തിലുള്ള ആസ്വാദന മുണ്ടായിരുന്നു. ആയിരത്തി എണ്ണൂറ്റി ഇരുപതുകളുടെ തുടക്കത്തിൽ അദ്ദേഹം പാരിസിലേക്ക് കുടിയേറി. അവിടെ ഒരു ക്ലർക്കായി ജോലി ചെയ്യുന്നതിനൊപ്പം സാഹിത്യ വൃത്ത ങ്ങളുമായി അടുത്ത ബന്ധം സ്ഥാപി ക്കുകയും, തന്റെ സാഹിത്യജീവിത ത്തിന്റെ അടിത്തറ പാകപ്പെടു ത്തുകയും ചെയ്തു.


അലക്സാർ ഡ്യൂമയുടെ പ്രശസ്തി പ്രധാന മായും അദ്ദേഹത്തിന്റെ ചരിത്ര നോവലുകളിലൂടെയാണ് രൂപപ്പെട്ടത്. ചരിത്രസംഭവങ്ങളെയും യഥാർത്ഥ ചരിത്രപാത്രങ്ങളെയും കഥാ പരമായ കൽപ്പനയുമായി ചേർത്ത് അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തിന് അപൂർവമായ കഴിവുണ്ടായിരുന്നു. ഡ്യൂമയുടെ നോവലുകൾ ചരിത്രത്തെ വെറും രേഖകളായി അവതരിപ്പിക്കുന്നില്ല; പകരം, അത് ജീവിച്ചിരിക്കുന്ന മനുഷ്യാ നുഭവങ്ങളായി വായനക്കാരുടെ മുമ്പിൽ തുറന്നുകാട്ടുന്നു. ഈ പ്രത്യേകതയാണ് അദ്ദേഹത്തെ തന്റെ കാലഘട്ടത്തിലെ മറ്റ് എഴുത്തുകാരിൽ നിന്ന് വ്യത്യസ്ത നാക്കുന്നത്.

ഡ്യൂമയുടെ നിരവധി കൃതികൾ പത്ര ങ്ങളിൽ പരമ്പരയായി പ്രസിദ്ധീകരി ക്കപ്പെട്ടവയാണ്. ഈ പരമ്പര രചനാ ശൈലി അദ്ദേഹത്തിന്റെ കഥകളെ



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca

വേഗതയുള്ളതും ഉത്സുകത ഉണർത്തുന്നതും നാടകീയത നിറഞ്ഞതുമാക്കി മാറ്റി. ഓരോ അധ്യായവും അടുത്ത ഭാഗത്തേക്കുള്ള കൗതുകം സൃഷ്ടിക്കുന്ന വിധത്തിലാണ് അദ്ദേഹം രചിച്ചത്. ഇതുവഴി, സാധാരണ വായനക്കാരെയും സാഹിത്യത്തിലേക്ക് ആകർഷിക്കാൻ ഡ്യൂമയ്ക്ക് സാധിക്കുകയും, സാഹിത്യം ജനകീയ വിനോദമായും ബൗദ്ധിക അനുഭവമായും രൂപാന്തരപ്പെടുകയും ചെയ്തു.നൂറുകണക്കിന് നോവലുകളും നാടകങ്ങളും യാത്രാ വിവരണങ്ങളും ലേഖനങ്ങളും അലക്സാണ്ടർ ഡ്യൂമയുടെ പേരിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ചില കൃതികൾ സഹരചനയായിരുന്നുവെങ്കിലും, അവയുടെ സൃഷ്ടിപരമായ നിയന്ത്രണം ഡ്യൂമയ്ക്കായിരുന്നു. ഈ വൈവിധ്യമാർന്ന സൃഷ്ടികൾ അദ്ദേഹത്തിന്റെ അസാധാരണമായ സൃഷ്ടിപ്രഭാവത്തെയും സാഹിത്യത്തിലേക്കുള്ള പ്രതിബദ്ധതയെയും വ്യക്തമായി പ്രകടമാക്കുന്നു. ചരിത്രം, സാഹസികത, രാഷ്ട്രീയം, മനുഷ്യ




വികാരങ്ങൾ എന്നിവയെ ഒരുമിപ്പിച്ചുകൊണ്ട്, സാഹിത്യത്തെ പൊതുജനങ്ങളുടെ ജീവിതത്തോട് അടുത്തുനിർത്താൻ ഡ്യൂമയ്ക്ക് സാധിച്ചു.

1844-ൽ പ്രസിദ്ധീകരിച്ച The Three Musketeers (ദി ത്രീ മസ്കറ്റിയേഴ്സ്) ഡ്യൂമയുടെ ഏറ്റവും പ്രശസ്തമായ കൃതികളിലൊന്നാണ്. പതിനേഴാം നൂറ്റാണ്ടിലെ ഫ്രാൻസിനെ പശ്ചാത്തലമാക്കി, രാജകീയ ഭരണവും രാഷ്ട്രീയ ഗൂഢാലോചനകളും ശക്തമായിരുന്ന കാലഘട്ടത്തിൽ, ഡി'ആർത്താന്യാൻ എന്ന യുവാവും അതോസ്, പോർതോസ്, അരാമിസ് എന്നീ മൂന്ന് മസ്കറ്റിയേഴ്സും നേരിടുന്ന സാഹസിക അനുഭവങ്ങളാണ് ഈ നോവലിൽ അവതരിപ്പിക്കുന്നത്. അവരുടെ സൗഹൃദം, ധൈര്യം, വിശ്വാസം, ത്യാഗബോധം എന്നിവയാണ് കഥയുടെ കേന്ദ്രവിഷയങ്ങൾ. “ഒരാൾ എല്ലാവർക്കും, എല്ലാവരും ഒരാൾക്കായി” എന്ന മുദ്രാവാക്യം സൗഹൃദത്തിന്റെയും വിശ്വാസത്തിന്റെയും ധൈര്യത്തിന്റെയും പ്രതീകമായി സാഹിത്യചരിത്രത്തിൽ സ്ഥാനം പിടിച്ചു. യഥാർത്ഥ ചരിത്രപാത്രങ്ങളെയും കൽപ്പിതരായ നായകരെയും സമന്വയിപ്പിച്ച്, ചരിത്രത്തെ ജീവനുള്ള നാടകമായി മാറ്റുന്നതിൽ ഡ്യൂമയുടെ അപൂർവമായ കഴിവ് ഈ കൃതിയിൽ വ്യക്തമായി പ്രകടമാകുന്നു.

അതുപോലെ തന്നെ പ്രസിദ്ധമായ മറ്റൊരു കൃതി The Count of Monte Cristo (മോണ്ടെ ക്രിസ്റ്റോയുടെ പ്രഭു) ആണ്. അന്യായമായി തടവിലാക്കപ്പെട്ട എഡ്മണ്ട് ഡാന്റസ് എന്ന യുവാവിന്റെ ജീവിതവും, അവിടെനിന്ന് ഉയിർത്തെഴു

January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII


ന്നേറ്റ് അദ്ദേഹം നടത്തുന്ന പ്രതികാര യാത്രയുമാണ് ഈ നോവലിന്റെ പ്രമേയം. ഇത് ഒരു സാഹസകഥ മാത്രമല്ല; നീതി, വിധി, പ്രതികാരം, ക്ഷമ, ധാർമ്മിക ഉത്തരവാദിത്വം തുടങ്ങിയ ആഴമേറിയ വിഷയങ്ങളെ പരിശോധിക്കുന്ന ഒരു ദാർശനിക നോവലാണ്.

നിരപരാധിത്വത്തിൽ നിന്ന് സർവ്വ ശക്തിയിലേക്കും, തുടർന്ന് ആത്മ നിയന്ത്രണത്തിലേക്കുമുള്ള ഡാന്റ്സിന്റെ മാനസികപരിവർത്തനം, ജനകീയ സാഹിത്യത്തിലെ അപൂർവമായ മനശ്ശാസ്ത്ര സങ്കീർണ്ണതയായി ഈ കൃതിയെ ഉയർത്തുന്നു.


ഇങ്ങനെ, The Three Musketeers സൗഹൃദത്തിന്റെയും സാഹസത്തി ന്റെയും പ്രതീകമായിരിക്കുമ്പോൾ, The Count of Monte Cristo മനുഷ്യ നീതിയുടെയും ആത്മപരിവർത്തന ത്തിന്റെയും ഗൗരവമേറിയ പഠനമായി മാറുന്നു. ഈ രണ്ട് കൃതികളും ചേർന്നാണ് അലക്സാണ്ടർ ഡ്യൂമയെ ലോകസാഹിത്യത്തിലെ കാലാതീത നായ കഥാകാരനാക്കി മാറ്റിയത്.

ഡ്യൂമയുടെ കൃതികൾ വായിക്കുമ്പോൾ ശ്രദ്ധേയമായ മറ്റൊരു സവിശേഷത, കഥ നടക്കുന്നത് എവിടെയാണ് എന്നതിനു അദ്ദേഹം നൽകുന്ന പ്രാധാന്യമാണ്. തടവറകൾ, കൊട്ടാരങ്ങൾ, നഗരവീഥികൾ, തുറമുഖങ്ങൾ, ദ്വീപുകൾ തുടങ്ങിയ ഇടങ്ങൾ അദ്ദേഹത്തിന്റെ നോവലുകളിൽ വെറും പശ്ചാത്തലങ്ങളല്ല; അവ കഥാപാത്രങ്ങളുടെ മനഃസ്ഥിതി യെയും സാമൂഹിക നിലയെയും ധാർമ്മിക തീരുമാനങ്ങളെയും രൂപപ്പെടു ത്തുന്ന സജീവ ഘടകങ്ങളാണ്. ഈ പ്രത്യേകതയാണ് ഡ്യൂമയുടെ സാഹിത്യ ത്തെ ഒരു ആർക്കിടെക്ചറൽ വായനയ്ക്ക് അനുയോജ്യമാക്കുന്നത്.The Three Musketeers-ൽ രാജകീയ കൊട്ടാരങ്ങളും നഗരവീഥികളും അധികാരത്തിന്റെയും സാമൂഹിക പദവിയുടെയും വേദികളായി മാറുമ്പോൾ, The Count of Monte Cristo-യിൽ തടവറകളും ദ്വീപുകളും മനുഷ്യ ന്റെ സ്വാതന്ത്ര്യ നഷ്ടത്തെയും ആത്മ പരിവർത്തനത്തെയും പ്രതിനിധീ കരിക്കുന്നു.

ഇവിടെ architecture വെറും ഭൗതിക ഘടനയല്ല; അത് അധികാരം, നിയന്ത്രണം, സ്വാതന്ത്ര്യം, നീതി എന്നീ ആശയങ്ങളുടെ ശില്പരൂപമാണ്. കെട്ടിടങ്ങളും നഗരങ്ങളും മനുഷ്യനെ എങ്ങനെ നിയന്ത്രിക്കുന്നു, മാറ്റുന്നു, അല്ലെങ്കിൽ



January Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature & World Cinema Part-VII
filca




ശക്തിപ്പെടുത്തുന്നു എന്നതിനെ ഡ്യൂമ സാഹിത്യത്തിലൂടെ വ്യക്തമായി കാണിക്കുന്നു. അതിനാൽ, ഡ്യൂമയുടെ സാഹിത്യത്തെ ശരിയായി മനസ്സിലാക്കാൻ "സ്ഥലം" എന്ന ആശയം വിശദമായി പരിശോധിക്കേണ്ടതുണ്ട്.

ഡ്യൂമയുടെ നോവലുകളിൽ സ്ഥലം, കഥ നടക്കുന്ന വേദി മാത്രമല്ല; അത് കഥയുടെ അർത്ഥം നിർമ്മിക്കുന്ന ഘടകമാണ്. തടവറകൾ, കൊട്ടാരങ്ങൾ, നഗരവീഥികൾ, തുറമുഖങ്ങൾ, ദ്വീപുകൾ ഇവ ഓരോന്നും വ്യത്യസ്തമായ സാമൂഹികവും മാനസികവുമായ അർത്ഥങ്ങൾ വഹിക്കുന്നു.

അവസാനമായി പറയുകയാണെങ്കിൽ, അലക്സാണ്ടർ ഡ്യൂമയുടെ സാഹിത്യം സാഹസികകഥകളുടെ പരിധി കടന്ന് സ്ഥലം, അധികാരം, മനുഷ്യജീവിതം എന്നീ വിഷയങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്ന ഒരു ബൗദ്ധിക ലോകമായി മാറുന്നു. അദ്ദേഹത്തിന്റെ നോവലുകളിൽ കെട്ടിടങ്ങളും നഗരങ്ങളും നിശ്ശബ്ദ പശ്ചാത്തലങ്ങളല്ല; അവ മനുഷ്യനെ രൂപപ്പെടുത്തുന്ന, നിയന്ത്രിക്കുന്ന, മാറ്റുന്ന സജീവ ഇടങ്ങളാണ്.

ഇതിനാൽ, ഡ്യൂമയെ ഒരു ജനകീയ കഥാകാരനായി മാത്രം കാണാതെ, സ്ഥലം ചിന്തിക്കുന്ന ഒരു സാമൂഹിക നിരീക്ഷകനായി വായിക്കേണ്ടതുണ്ട്. സാഹിത്യം എങ്ങനെ architecture-നെ പോലെ മനുഷ്യജീവിതത്തെ ക്രമീകരിക്കുന്ന ഒരു "സ്ഥലകല" ആയി മാറുന്നു എന്നതിന്റെ ശക്തമായ ഉദാഹരണമാണ് ഡ്യൂമയുടെ കൃതികൾ.

"സ്ഥലം കഥ പറയുമ്പോൾ", മനുഷ്യന്റെ ജീവിതവും അധികാരവും നീതിയും അതിലൂടെ തന്നെ വെളിപ്പെടുന്നുഇതാണ് അലക്സാർ ഡ്യൂമയുടെ സാഹിത്യത്തിന്റെ കാലാതീതമായ പ്രസക്തി



January Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature & World Cinema Part-VII


Film Vision Monthly January 2026.Rs 2/-RNI-KER/BIL/2002/8043

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




★ 13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം
മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
Dr. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com